2023
APRIL
21
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

SINCE 1995
KUROL
An Ayurvedic Proprietary Medicine
A NATURAL & SAFE REMEDY FOR PILES

# കൊപ്ര സംഭരണത്തിന് സംഘങ്ങളില്ല; പ്രതിസന്ധിയിൽ

**കോഴിക്കോട്:** സംസ്ഥാനത്ത് കൊപ്ര സംഭരണത്തിനായി ഇതുവരെ റജിസ്റ്റർ ചെയ്തതു 4 സഹകരണ സംഘങ്ങൾ മാത്രം. സംഭരണത്തിനു കൂടുതൽ സംഘങ്ങളെ കണ്ടെത്താനായി ജില്ലാതല മോണിറ്ററിങ് കമ്മിറ്റികൾ ഉടൻ വിളിച്ചുചേർക്കാൻ കലക്ടർമാരോടു നിർദേശിക്കാൻ മന്ത്രി പി. പ്രസാദിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു. കലക്ടർ, ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫിസർ, സഹകരണ സംഘം ജോയിന്റ് റജിസ്ട്രാർ തുടങ്ങിയവരാണ് ജില്ലാ തല മോണിറ്ററിങ് കമ്മിറ്റി അംഗങ്ങൾ. കർഷകർ പച്ചത്തേങ്ങ സംഭരണ കേന്ദ്രത്തിലെത്തിക്കുകയും സഹകരണ സംഘങ്ങൾ ഇതു കൊപ്രയാക്കി നാഫെഡിന് കൈമാറുകയും ചെയ്യുന്ന രീതിയിലാണ് സംഭരണം നടത്തുക.



കഴിഞ്ഞ വർഷം ആവശ്യത്തിന് സംഭരണ കേന്ദ്രങ്ങളില്ലാതെ കേരളത്തിൽ കൊപ്ര സംഭരണം പരാജയപ്പെട്ടിരുന്നു. ഇത്തവണയും ഇത് ആവർത്തിക്കുമെന്ന ആശങ്ക ഉയർന്നതോടെയാണു യോഗം വിളിച്ചത്. യോഗത്തിൽ മാർക്കറ്റ്ഫെഡ്, നാഫെഡ് പ്രതിനിധികളും കൃഷി വകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുത്തു. ഈ വർഷം 50,000 ടൺ മിൽ കൊപ്ര സംഭരിക്കാനാണു കേരളത്തിന് കേന്ദ്രം അനുമതി നൽകിയത്. സംസ്ഥാനത്തെ നോഡൽ ഏജൻസി മാർക്കറ്റ്ഫെഡ് ആണ്. 24 മുതൽ സംഭരണം ആരംഭിക്കാനാണ് സർക്കാർ തീരുമാനിച്ചതെങ്കിലും പാലക്കാട് ജില്ലയിൽ 2 സഹകരണ സംഘങ്ങളും കാസർകോട്, മലപ്പുറം ജില്ലകളിൽ ഓരോ സംഘവും മാത്രമാണ് സംഭരണത്തിന് തയാറായിട്ടുള്ളത്.

ക്വിന്റലിന് 10,860 രൂപയാണ് മിൽ കൊപ്രയ്ക്കു കേന്ദ്രം പ്രഖ്യാപിച്ച താങ്ങുവില. 8400 രൂപയാണു ഇന്നലെ വടകര മാർക്കറ്റിൽ കൊപ്രയുടെ വില. വിപണി വിലയെക്കാൾ 2,460 രൂപ അധികം സംഭരണത്തിലൂടെ ലഭിക്കുന്നതു കർഷകർക്ക് ആശ്വാസമാകും. എന്നാൽ ആവശ്യത്തിനു സംഭരണ കേന്ദ്രമില്ലെങ്കിൽ താങ്ങുവിലയുടെ ഗുണം കർഷകർക്കു ലഭിക്കില്ല.

കഴിഞ്ഞ വർഷം മാർക്കറ്റ് ഫെഡിനു കീഴിലുള്ള 5 സഹകരണ സംഘങ്ങൾ വഴിയായിരുന്നു കേരളത്തിലെ കൊപ്ര സംഭരണം. 50,000 ടൺ സംഭരിക്കാൻ കേന്ദ്രം അനുമതി നൽകിയിരുന്നെങ്കിലും 8 മാസം കൊണ്ടു കേരളം സംഭരിച്ചത് 255 ടൺ കൊപ്ര മാത്രം. ആവശ്യത്തിനു സംഭരണ കേന്ദ്രങ്ങളില്ലെങ്കിൽ ഈ വർഷവും സംഭരണം ലക്ഷ്യത്തിലെത്തില്ല.



## ഇന്ത്യയിൽ ആപ്പിളിന്റെ ആദ്യ റീട്ടെയ്ൽ ഷോറൂം മുംബൈയിൽ തുറന്ന് ടിം കുക്ക്

**മുംബൈ:** ഇന്ത്യയിൽ ആപ്പിളിന്റെ ആദ്യത്തെ ഔദ്യോഗിക റീട്ടെയ്ൽ ഷോറൂം മുംബൈയിൽ തുറന്നു. ചീഫ് എക്സിക്യൂട്ടിവ് ഓഫിസർ ടിം കുക്ക് ആണ് ബാന്ദ്ര, കുർള കോംപ്ലക്സിലെ ജിയോ വേൾഡ് ഡ്രൈവ് മാളിലുള്ള ഇരുനില ഷോറൂമിന്റെ വാതിൽ തുറന്നത്. മറ്റു ചടങ്ങുകൾ ഒന്നുമുണ്ടായില്ല. സീനിയർ വൈസ് പ്രസിഡന്റ് ഡിയഡ്രെ ഒബ്രിയൻ പങ്കെടുത്തു. ജീവനക്കാർക്കും ഉപയോക്താക്കൾക്കുമൊപ്പം ഏറെ സമയം ചെലവഴിച്ച ടിം കുക്ക് അവർക്കൊപ്പം സെൽഫികളുമെടുത്തു.

രാവിലെ 11 മുതൽ രാത്രി 10 വരെ പ്രവർത്തിക്കുന്ന മുംബൈ ഷോറൂമിൽ ഐഫോൺ, ഐപാഡ്, മാക് ബുക്ക്, ആപ്പിൾ വാച്ച്, ടിവി എന്നിങ്ങനെ ആപ്പിളിന്റെ എല്ലാ ഉൽപന്നങ്ങളും അവയുടെ വിവിധ മോഡലുകളും ലഭിക്കും.

ഇതോടുചേർന്ന് സർവീസ് സെന്ററുമുണ്ട്. തിങ്കളാഴ്ച മുംബൈയിലെത്തിയ ടിം കുക്ക് റിലയൻസ് ഇൻഡസ്ട്രീസ് മേധാവി മുകേഷ് അംബാനിയും ടാറ്റാ സൺസ് ചെയർമാൻ എൻ. ചന്ദ്രശേഖരനുമായി ചർച്ച നടത്തി. ബോളിവുഡ് താരം മാധുരി ദീക്ഷിതിനൊപ്പം മുംബൈയിൽ വടാ പാവിന്റെ രുചിയും ആസ്വദിച്ചു. ഇതിനു മുൻപ് 2016ൽ ആണ് ടിം കുക്ക് മുംബൈ സന്ദർശിച്ചത്.

## 9% ഇടിവുമായി ഇൻഫോസിസ്

**ന്യൂഡൽഹി:** കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ നാലാം പാദത്തിലെ മോശം പ്രകടനം ഇൻഫോസിസ് ഓഹരികൾക്ക് വിപണിയിൽ തിരിച്ചടിയായി. 9% ഇടിവാണ് ഓഹരി വിലകളിൽ രണ്ടു സൂചികകളിലും കണ്ടത്. വിപണി മൂല്യത്തിൽ 59,349.66 കോടി രൂപയുടേതാണ് ഇടിവ്. സെൻസെക്സിൽ 9.40% ഇടിവോടെ 1,258.10 രൂപയ്ക്കായിരുന്നു ക്ലോസിങ്. ഒരു ഘട്ടത്തിൽ ഇടിവ് 12.21% വരെ പോയി. 52 ആഴ്ചകളിലെ ഏറ്റവും താണ മൂല്യമായിരുന്നു അത്. ദേശീയ ഓഹരി സൂചികയിൽ 9.37% ഇടിവോടെ 1,259ൽ ആയിരുന്നു ക്ലോസിങ്. സമീപകാലത്ത് രണ്ടു സൂചികകളിലും ഇൻഫോസിസ് നേരിട്ട കനത്ത ഇടിവാണ് ഇന്നലത്തേത്.

## സൗദി സർക്കാരിന്റെ കരാർ ക്യാംകോം സ്റ്റാർട്ടപ്പിന്

**കോട്ടയം:** മലയാളിക്കു പങ്കാളിത്തമുള്ള സ്റ്റാർട്ടപ്പ് കമ്പനി ക്യാംകോം സൗദി സർക്കാരുമായി കരാർ ഒപ്പുവച്ചു. 61.5 കോടിയിലധികം രൂപയ്ക്കാണു വിവിധ നഗരവൽക്കരണ പദ്ധതികളിൽ സഹകരിക്കുന്നതിനു സൗദി മുംമ്റ (മിനിസ്ട്രി ഓഫ് മുനിസിപ്പാലിറ്റി റൂറൽ അഫയേഴ്സ് ആൻഡ് ഹൗസിങ്) വകുപ്പുമായി കരാറായത്. നിർമിതബുദ്ധി ഉപയോഗിച്ചുള്ള കംപ്യൂട്ടർ വിഷൻ പ്ലാറ്റ്ഫോമാണു ക്യാംകോം.

പ്ലാസ്റ്റിക്, ലോഹം, ഗ്ലാസ് എന്നിവ ഉപയോഗിച്ചു നിർമിക്കുന്ന വസ്തുക്കളുടെ ചിത്രമെടുത്താലുടൻ അതിന്റെ കേടുപാടുകൾ തിരിച്ചറിഞ്ഞ് അതു നന്നാക്കണൊ മാറ്റി പുതിയതു സ്ഥാപിക്കണൊ എന്നു കണ്ടെത്തുന്ന സംവിധാനമാണു ക്യാംകോം.

പ്രമുഖ കാർ നിർമാതാക്കളും ഇൻഷുറൻസ് കമ്പനികളും ഉപയോഗിക്കുന്ന ക്യാംകോം ഇതാദ്യമായാണ് ഒരു സർക്കാരുമായി ചേർന്ന് ഇത്രവലിയ പദ്ധതിയിൽ സഹകരിക്കുന്നതെന്നു കമ്പനി സഹസ്ഥാപകനും സിഇഒയുമായ കോട്ടയം ചിറ്റേഴത്ത് അജിത് നായർ പറഞ്ഞു.

പൊതുനിരത്തുകളിലും മറ്റും പ്രശ്നകരമായ എന്തു കണ്ടാലും അതിന്റെ ചിത്രമെടുത്ത് അയയ്ക്കാൻ സൗദി സർക്കാർ പൊതുജനങ്ങൾക്കായി മൂന്നുവർഷം മുൻപ് സ്നാപ് ആൻഡ് സെൻഡ് എന്ന ആപ്പ് നൽകിയിരുന്നു.

## ട്വിറ്റർ ഇനി എക്സ് കോർപ്

**സാൻഫ്രാൻസിസ്കോ:** സമൂഹമാധ്യമമായ ട്വിറ്ററിന്റെ മാതൃസ്ഥാപനം ട്വിറ്റർ ഐഎൻസി ഔദ്യോഗികനാമം എക്സ് കോർപറേഷൻ എന്നു മാറ്റി. ഇനി മുതൽ എല്ലാ ഔപചാരിക രേഖകളിലും എക്സ് കോർപ് എന്നുപയോഗിക്കണമെന്ന് ഇലോൺ മസ്ക് കോർപറേറ്റ് പങ്കാളികളോട് ആവശ്യപ്പെട്ടു. കമ്പനിയുടെ പേരുമാറ്റം ട്വിറ്റർ സേവനങ്ങളെ ബാധിക്കില്ല. സമൂഹമാധ്യമത്തിന്റെ പേരിലും മാറ്റമുണ്ടാവില്ല.

ഇലോൺ മസ്കിന്റെ ബഹിരാകാശ ഗവേഷണ സ്ഥാപനമായ സ്പേസ് എക്സിന്റെ ചുവടുപിടിച്ച് ട്വിറ്റർ ഉൾപ്പെടെയുള്ള സേവനങ്ങളെ എക്സ് എന്ന ബ്രാൻഡിലൊതുക്കാനാണ് മസ്കിന്റെ നീക്കം എന്നാണ് സൂചന. കഴിഞ്ഞയാഴ്ച എക്സ് എഐ എന്ന പേരിൽ പുതിയൊരു ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കമ്പനി റജിസ്റ്റർ ചെയ്തിരുന്നു.



# ലക്ഷങ്ങൾ ഒഴുക്കിയത് വെറുതെ; പൈപ്പുകൾ ഇപ്പോഴും ശാസ്താംകോട്ട കായലിൽതന്നെ



**ശാസ്താംകോട്ട:** ബദൽ ശുദ്ധജല പദ്ധതിക്കായി തടാക ബണ്ടിന്റെ ഭാഗത്ത് ഉപേക്ഷിച്ച കൂറ്റൻ പൈപ്പുകൾ കരയിലേക്ക് മാറ്റാനുള്ള നടപടിയും വെള്ളാനയായി. ക്രെയിൻ ഉപയോഗിച്ച് പൈപ്പുകൾ കരയിലേക്ക് മാറ്റുന്നതിനു ജലഅതോറിറ്റി 7 ലക്ഷം രൂപ നൽകിയെങ്കിലും പണി പാതി വഴിയിൽ ഉപേക്ഷിച്ച് പണം വാങ്ങി കരാറുകാർ പോയി. ഇപ്പോഴും വെള്ളത്തിൽ ശേഷിക്കുന്ന മുപ്പതോളം പൈപ്പുകളും നൂറിലേറെ റിങ്ങുകളും നീക്കാൻ നടപടികളൊന്നുമില്ല. തടാകത്തിന്റെ കിഴക്ക് ഭാഗത്തായി പൈപ്പുകൾ വെള്ളത്തിൽ ഒഴുകി നടക്കുകയാണ്. ചെറുവള്ളങ്ങളിൽ മീൻ പിടിക്കാൻ ഇറങ്ങുന്നവർക്കും കടത്ത് സർവീസിനും ടൂറിസ്റ്റ് വള്ളങ്ങൾക്കും ഇവ ഭീഷണിയായി മാറി.

തടാക സംരക്ഷണത്തിനു ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഡിസംബറിൽ തടാകതീരത്ത് എത്തിയ കലക്ടർ പൈപ്പുകൾ കിടന്ന സ്ഥലത്ത് പരിശോധന നടത്തിയിരുന്നു. പൈപ്പുകളിൽ നിന്നുള്ള മാലിന്യങ്ങൾ ജലത്തിൽ കലരുന്നതായി പരാതികളും ശക്തമായിരുന്നു. ഇതേ തുടർന്നാണ് ജലഅതോറിറ്റി തിരക്കിട്ട് തുക അനുവദിച്ചത്. എന്നാൽ നൂറോളം പൈപ്പുകൾ ക്രെയിൻ എത്തിച്ച് നീക്കം ചെയ്യാനുള്ള ചെലവ് അധികമായി കണക്കാക്കി തുക വെട്ടിച്ചെന്നാണ് പരാതി. ജനപ്രതിനിധികളും സർക്കാർ വകുപ്പുകളും ചേർന്നുള്ള അഴിമതി പുറത്ത് കൊണ്ടുവരാൻ സമഗ്രമായ അന്വേഷണം വേണമെന്നാണ് ആവശ്യം.

കല്ലടയാറ്റിൽ നിന്നുള്ള ജലം ഫിൽറ്റർ ഹൗസിൽ എത്തിച്ച് ശുദ്ധീകരിച്ച ശേഷം കൊല്ലം നഗരത്തിലേക്ക് ഉൾപ്പെടെ വിതരണം ചെയ്യാൻ ലക്ഷ്യമിട്ട് അനുവദിച്ച 14.5 കോടി രൂപയുടെ ബദൽ ശുദ്ധജല പദ്ധതിക്കു വേണ്ടിയാണ് പൈപ്പുകൾ എത്തിച്ചത്. കടപുഴ മുതൽ തടാക ബണ്ട് വരെ തിരക്കിട്ട് പൈപ്പിടൽ നടത്തി 6.93 കോടി രൂപ ചെലവാക്കിയ ശേഷം 8 വർഷം മുൻപ് പദ്ധതി പാതിവഴിയിൽ അവസാനിപ്പിച്ചു. ബാക്കിയുള്ള പൈപ്പുകൾ തടാകതീരത്ത് ഉപേക്ഷിക്കുകയായിരുന്നു.

# എസി കനാൽ നവീകരണം പൂർത്തിയാക്കൽ പ്രായോഗികമല്ലെന്ന് വിദഗ്ധരുടെ കണ്ടെത്തൽ



**ആലപ്പുഴ:** എസി റോഡിനു സമാന്തരമായി നിർമിച്ച എസി കനാലിന്റെ രണ്ടും മൂന്നും ഘട്ടങ്ങൾ പൂർത്തിയാക്കുന്നതുകൊണ്ടു പ്രയോജനമില്ലെന്ന് ഇതേപ്പറ്റി പഠനം നടത്തുന്ന മദ്രാസ് ഐഐടിയിലെ വിദഗ്ധർ. പദ്ധതി പൂർത്തിയാക്കിയാലും വെള്ളപ്പൊക്കത്തിൽനിന്നു രക്ഷ കിട്ടാൻ സാധ്യതയില്ലെന്നാണ് അവരുടെ അഭിപ്രായമെന്നാണ് വിവരം. അടുത്തിടെ ജലസേചന വകുപ്പ് ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിൽ ഇക്കാര്യം ഐഐടി വിദഗ്ധർ ചൂണ്ടിക്കാട്ടിയിരുന്നു.

എന്നാൽ, പഠനത്തിന്റെ അന്തിമ റിപ്പോർട്ട് വന്നാലേ ഇക്കാര്യത്തിൽ വ്യക്തത വരൂ എന്നാണ് ജലസേചന വകുപ്പ് അധികൃതർ പറയുന്നത്. ഇടക്കാല റിപ്പോർട്ട് ലഭിച്ചെങ്കിലും അതിന്റെ അടിസ്ഥാനത്തിൽ ഒന്നും പറയാൻ കഴിയില്ല. അന്തിമ റിപ്പോർട്ട് മേയ് 15ന് ലഭിക്കുമെന്നും അറിയിച്ചു. വെള്ളപ്പൊക്കം തടയൽ പരിഗണിച്ച് ഭാഗികമായി പദ്ധതി നടപ്പാക്കാമെങ്കിലും പ്രയോജനം കിട്ടുമോ എന്നറിയില്ല എന്നാണ് വിദഗ്ധർ പറഞ്ഞത്. ഒന്നാംകര നെടുമുടി ഭാഗത്തു കനാലിനു വീതിയും ആഴവും കൂട്ടുന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

പള്ളാത്തുരുത്തി വരെ കനാൽ വികസിപ്പിക്കുന്നതാണ് നേരത്തെ നിശ്ചയിച്ച പദ്ധതി. ഇത് ഇപ്പോൾ രണ്ടാം കുട്ടനാട് പാക്കേജിന്റെ ഭാഗവുമാണ്. മണിമലയാറും പമ്പയാറുമായി കനാലിനെ ബന്ധിപ്പിച്ച്, വെള്ളപ്പൊക്കമുണ്ടാകുമ്പോൾ അധികജലം നദികളിലേക്ക് ഒഴുക്കുകയാണ് ലക്ഷ്യമിട്ടത്. ഇതിനു പകരം ഇപ്പോൾ നദികളുമായി കനാലിനെ ബന്ധിപ്പിച്ചിരിക്കുന്ന ഭാഗം സുഗമമാക്കിയാൽ! മതിയെന്നാണ് ഐഐടി വിദഗ്ധരുടെ നിർദേശം.

കനാൽ നീട്ടേണ്ടെന്നു പറയുന്നതിന് രണ്ടു കാരണങ്ങളാണ് ഐഐടി സംഘം പറയുന്നത്. ഒന്ന് വെള്ളം കനാലിൽനിന്നു നദികളിലേക്ക് ഒഴുകുന്നതിനു പകരം തിരിച്ചൊഴുകാൻ സാധ്യതയുണ്ട്. രണ്ട് എസി റോഡ് ഉയർത്തുന്നതിനാൽ ജലനിരപ്പ് ഉയർ!ന്നാലും ഗതാഗതത്തിനു തടസ്സമുണ്ടാകില്ല. മനയ്ക്കച്ചിറ ഒന്നാംകര, ഒന്നാംകര നെടുമുടി, നെടുമുടി പള്ളാത്തുരുത്തി എന്നിങ്ങനെ 3 ഘട്ടങ്ങളായി കനാൽ വികസിപ്പിക്കുന്നതാണ് വർഷങ്ങൾക്കു മുൻപ് തയാറാക്കിയ പദ്ധതി. ഇതിൽ മനയ്ക്കച്ചിറ ഒന്നാംകര ഭാഗത്തു മാത്രമേ പണി നടന്നുള്ളൂ.

എക്കൽ അടിഞ്ഞ് ആഴവും കയ്യേറ്റം കാരണം വീതിയും കുറഞ്ഞ കനാൽ വികസിപ്പിക്കുന്നതു സംബന്ധിച്ച് 2007ൽ എം.എസ്.സ്വാമിനാഥൻ ഫൗണ്ടേഷനും 2019ൽ ആസൂത്രണ ബോർഡും പഠനം നടത്തിയിരുന്നു. മൂന്നാമത്തെ പഠനമാണ് ഐഐടി സംഘം നടത്തിയത്. രണ്ടും മൂന്നും ഘട്ടങ്ങളുടെ സ്ഥലമെടുപ്പ് കേസുകളിൽ കുടുങ്ങിയിരുന്നു. പലയിടത്തും കയ്യേറ്റമുണ്ട്. പല ഭാഗത്തും കനാലിനു 30 മീറ്റർ വീതിയേ ഉള്ളൂ. യഥാർഥ വീതി 40 മീറ്ററാണെന്ന് ആസൂത്രണ ബോർഡിന്റെ പഠന റിപ്പോർട്ടിൽ! പറയുന്നുണ്ട്.ആകെ 20.33 കിലോമീറ്ററാണ് കനാലിന്റെ നീളം. രണ്ടും മൂന്നും ഘട്ടങ്ങളുടെ വികസനം പൂർത്തിയാക്കാൻ 220 കോടി രൂപ വേണ്ടിവരുമെന്ന് 2019ൽ ആസൂത്രണ ബോർഡ് കണക്കാക്കിയിരുന്നു. പുനരധിവാസം, സ്ഥലമെടുപ്പ്, കനാൽ വികസനം, പാലങ്ങളുടെ നിർമാണം എന്നിവ ഉൾപ്പെടെയാണിത്.

## അങ്കണവാടി വർക്കർ/ ഹെൽപ്പർ

**തിരുവനന്തപുരം:** എറിയാട് ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരായ വനിതകളിൽനിന്ന് അങ്കണവാടി വർക്കർ, ഹെൽപ്പർമാരുടെ സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു. എറിയാടുള്ള പഴയ കൊടുങ്ങല്ലൂർ ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിനുള്ളിൽ പ്രവർത്തിക്കുന്ന ശിശുവികസന പദ്ധതി ഓഫീസറുടെ കാര്യാലയത്തിൽ മെയ് 5 വൈകീട്ട് 4 മണി വരെ അപേക്ഷ സ്വീകരിക്കും. വർക്കർ നിയമനത്തിന് പത്താംതരം പാസ്സാകണം. ഹെൽപ്പർ നിയമനത്തിന് അപേക്ഷിക്കുന്നവർ പത്താംതരം പാസാകാത്തവരും മലയാളം എഴുതാനും വായിക്കാനും കഴിയുന്നവരും ആകണം. അപേക്ഷകർ 18നും 46നും ഇടയിൽ പ്രായപരിധി ഉള്ളവർ ആയിരിക്കണം. ഫോൺ: 0480 2805595.

## ലക്ഷ്യ സ്കോളർഷിപ്പിന് അപേക്ഷിക്കാം

**തിരുവനന്തപുരം:** സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് സിവിൽ സർവീസ് പരീക്ഷാ പരിശീലനം നൽകുന്നതിനു പട്ടികജാതി വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 'ലക്ഷ്യ' സ്കോളർഷിപ്പ് പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. അംഗീകൃത സർവകലാശാല ബിരുദമാണ് യോഗ്യത. പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. പ്രായപരിധി 01.04.2023ൽ 2036 വയസ്.

പട്ടികജാതി വികസന വകുപ്പിന് കീഴിൽ തിരുവനന്തപുരം മണ്ണന്തലയിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി നടത്തുന്ന പ്രവേശന പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ്. ആകെ സീറ്റിന്റെ 25 ശതമാനം പട്ടികജാതിയിലെ ദുർബല വിഭാഗങ്ങൾക്ക് (വേടൻ, നായാടി, അരുന്ധതിയാർ, ചക്കിലിയൻ, കള്ളാടി) നീക്കി വച്ചിട്ടുണ്ട്.

കോഴ്സ് ഫീ പരമാവധി ഒരു ലക്ഷം രൂപയാണ്. ഹോസ്റ്റൽ ഫീ, സ്റ്റൈപന്റ് പ്രതിമാസം 5000 + 1000 (പരമാവധി പത്ത് മാസം വരെ), പ്രിലിംസ് എഴുത്തു പരീക്ഷാ പരിശീലനം: 10,000 രൂപ, മെയിൻസ് എഴുത്തു പരീക്ഷാ പരിശീലനം: 10,000 രൂപ, ബുക്ക് കിറ്റ് അലവൻസ്: 5,000 രൂപ എന്നിങ്ങനെയും ലഭിക്കും. www.icsets.org hgn ഓൺലൈനായി 30 നകം അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 04712533272, 8547630004, 9446412579.

## അപേക്ഷ ക്ഷണിക്കുന്നു

**തിരുവനന്തപുരം:** വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളജിലെ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെല്ലിൽ ആരംഭിക്കുന്ന കംപ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് (ടാലി), കംപ്യൂട്ടർ ഹാർഡ്‌വെയർ മെയിന്റനൻസ് ആൻഡ് നെറ്റ്‌വർക്കിംഗ്, മൊബൈൽ ഫോൺ ടെക്നോളജി, ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻ, എം.എസ്. ഓഫീസ് എന്നീ കോഴ്സുകളിലേക്കു ഒഴിവുള്ള സീറ്റിലേക്ക് അപേക്ഷ ക്ഷണിച്ചു. ഫോൺ: 8075289889, 9495830907.

## ഹെൽപ്പർ കൂടിക്കാഴ്ച 25ന്

**കാഞ്ഞങ്ങാട്:** ഐ.സി.ഡി.എസ് പ്രൊജക്ട് പരിധിയിലുള്ള കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റിയിലെ അങ്കണവാടികളിലെ ഹെൽപ്പർ തസ്തികയിലേക്ക് അപേക്ഷ നൽകിയവർക്കുള്ള കൂടിക്കാഴ്ച ഏപ്രിൽ 25ന് കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി ഹാളിൽ രാവിലെ 10 മുതൽ വൈകിട്ട് 5 വരെ നടത്തും. കൂടിക്കാഴ്ചയ്ക്ക് ഹാജരാകുന്നതിന് അറിയിപ്പ് തപാൽ മുഖേന അയച്ചിട്ടുണ്ട്.

# കുട്ടനാടിനെ വിഴുങ്ങാൻ പോള; നീക്കം ചെയ്യാൻ വർഷംതോറും ചെലവഴിക്കുന്നത് ലക്ഷങ്ങൾ

**എടത്വ:** കുട്ടനാട്ടിൽ ഉടനീളം തോടുകൾ, നദികൾ എന്നിവിടങ്ങളിൽ ജനങ്ങൾക്ക് ദുരിതം വിതച്ച് കിടക്കുന്ന പോള നീക്കം ചെയ്യാൻ വർഷംതോറും ചെലവഴിക്കുന്നത് ലക്ഷങ്ങൾ.ശാശ്വതപരിഹാരം കാണാൻ പഞ്ചായത്തുകൾക്കും, ജനങ്ങൾക്കും ഇന്നു വരെ കഴിഞ്ഞിട്ടില്ല. പോള കൃഷിയെയും പൊതു ഗതാഗതത്തെയും ഉൾനാടൻ മത്സ്യ ബന്ധനത്തെയും മത്സ്യ പ്രജനനത്തെയും ഒരു പോലെ ബാധിക്കുകയാണ്.നദികളിലും തോടുകളിലും നിറഞ്ഞുകിടക്കുന്ന പോള ഏറ്റവും കൂടുതൽ ബാധിക്കുന്നത് കുട്ടനാട്ടിലെ കൃഷിയെയാണ്. കുട്ടനാട്ടിൽ ഉടനീളം കായൽ നിലങ്ങൾ ഉൾപ്പെടെ 28000 ഹെക്ടറോളം നെൽക്കൃഷി ചെയ്യുന്ന പാടങ്ങളാണ് ഉള്ളത്. 50 ശതമാനം പാടശേഖരവും നദികളും ആയി ബന്ധപ്പെട്ടാണ് കൃഷി .



നിലം ഒരുക്കുന്നതു മുതൽ കൊയ്തെടുത്ത നെല്ല് റോഡിൽ എത്തിക്കുന്നതുവരെ നദികളെ ആശ്രയിക്കണം. എല്ലാത്തരം കാര്യങ്ങൾക്കും തടസ്സമാവുകയാണ് അടിക്കടി തോടുകളിൽ നിറയുന്ന പോളകൾ. വള്ളങ്ങൾക്ക് കയറി വരാൻ പോലും കഴിയാത്ത വിധത്തിൽ പോള തിങ്ങിക്കിടക്കുകയാണ്. ചില പാടത്ത് ചെറിയ ലോറികളിൽ നെല്ല് കയറ്റി പ്രധാന റോഡിൽ എത്തിക്കുകയും അവിടെ നിന്നും വലിയ ലോറിയിൽ കയറ്റാനും ശ്രമിക്കുന്നുണ്ട്. ഇതുമൂലം കർഷകർക്ക് ഇരട്ടി നഷ്ടമാണ്.കൃഷിക്ക് ശാപമായ പോളയും കറുകലും നിറഞ്ഞു കിടക്കുന്നത് ഒഴിവാക്കാൻ ബജറ്റിൽ തുക വകയിരുത്തും എന്ന് കാലങ്ങളായി പറയാറുണ്ടെങ്കിലും ഒരിക്കലും നടക്കാറില്ല. ഇവ നീക്കം ചെയ്യണമെന്ന ആവശ്യം ശക്തമാണ്. മുൻ കാലങ്ങളിൽ തൊഴിലുറപ്പിൽ പെടുത്തി പോള നീക്കം ചെയ്തിരുന്നു .എന്നാൽ പുതുക്കിയ പദ്ധതി പ്രകാരം ആവർത്തന സ്വഭാവമുള്ള ജോലികൾ നടപ്പാക്കേണ്ടെന്നു നിർദേശം ഉള്ളതിനാൽ പോള വാരൽ പോലുള്ള ജോലികൾ നടക്കുന്നില്ല.ഉപോൽപന്നങ്ങൾ നിർമിക്കുകയോ പാടശേഖരങ്ങൾ കൃഷിയോഗ്യമാക്കുന്നതിനോ തോടുകളും നദികളും ആഴം കൂട്ടുകയും പോള നീക്കി നീരൊഴുക്ക് വർധിപ്പിക്കുകയും ചെയ്യാം.

എന്നാൽ ഉപോൽപന്നങ്ങൾ ഉണ്ടാക്കുന്ന പ്രവൃത്തികൾ തൊഴിലുറപ്പു തൊഴിലാളികൾ ചെയ്യാൻ മടിക്കുകയാണ്. ഉപോൽപന്നങ്ങൾ തയാറാക്കുമ്പോൾ അതിന്റെ മൂല്യം കുറഞ്ഞാൽ എസ്റ്റിമേറ്റിലേത് പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ ലഭിക്കുകയില്ല എന്നതാണ് കാരണം.കൃഷിയുമായി ബന്ധപ്പെടുത്തി അപൂർവം ചെറിയ തോടുകളുടെ ആഴം കൂട്ടുകയും പോള നീക്കം ചെയ്യുന്നുണ്ട്. എന്നാൽ പ്രധാന തോടുകളിലെയും നദികളിലെയും പോള, കറുകൽ പുല്ല് എന്നിവ നീക്കാറില്ല. പോളയും മുള്ളനും മൂലം നീരൊഴുക്ക് തടസ്സപ്പെടുകയും മാലിന്യങ്ങൾ അടിഞ്ഞു കൂടുകയുമാണ്. പൊതു മരാമത്ത് മൈനർ ഇറിഗേഷൻ ഡിപ്പാർട്മെന്റ് കാർഷിക മേഖലയിലേക്കുള്ള തോടുകളും നദികളും സംരക്ഷിക്കാറുണ്ടായിരുന്നു. അതും നിലച്ചിരിക്കുകയാണ്. മുൻകാലങ്ങളിൽ സംരക്ഷണ ഭിത്തികൾ ബലപ്പെടുത്തിയോ ഇല്ലാത്തിടത്ത് പുതിയത് നിർമിച്ചോ നദികൾ സംരക്ഷിച്ചിരുന്നു. ഇത് ഇല്ലാത്തത് നീരൊഴുക്കു കുറയാനും കാരണമായിട്ടുണ്ട്.

തലവടി പാരേത്തോട്,എരവുകരി, തെങ്കരപ്പച്ച, പച്ച പള്ളിത്തോട്, മാത്തിക്കളം, പാണ്ടങ്കരി പത്തിൽ പറത്തറ കിഴക്കേപ്പുറം, മരിയാപുരം, വരമ്പത്ത് മുട്ടു, വലിയപട്ടത്താനം, മിത്രക്കരി മുപ്പത്തഞ്ചിൽ തോട്, വേളാശ്ശേരി തോട്, തായങ്കരിതോട് തുടങ്ങി ഒട്ടേറെ തോടുകൾ പോളയും കറുകലും മുള്ളനും കൊണ്ട് നിറഞ്ഞിരിക്കുകയാണ്.

വല്ലപ്പോഴും ജനകീയ കൂട്ടായ്മയിൽ വൃത്തിയാക്കുന്നത് മാത്രമാണ് ആശ്വാസം.പോള നെല്ലു സംഭരണത്തെയാണ് ഏറെ ബാധിക്കുന്നത്.

## പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 1.56 കോടി വീതം വിലവരുന്ന 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ മേയിൽ വിതരണം ചെയ്യുമെന്ന് ഫിഷറീസ് മന്ത്രി

കഴിഞ്ഞ ഏഴു വർഷമായി സംസ്ഥാനത്തെ തീരദേശ മേഖലയിൽ വികസന പ്രവർത്തനങ്ങളുടെയും ജനക്ഷേമ പ്രവർത്തനങ്ങളുടെയും വേലിയേറ്റമാണ് ദൃശ്യമായതെന്ന് സംസ്ഥാന ഫിഷറീസ് മന്ത്രി സജി ചെറിയാൻ ചൂണ്ടിക്കാട്ടി.

തീരദേശ റോഡുകളുടെ നവീകരണ പദ്ധതിയുടെ ഭാഗമായി ഒൻപത് ജില്ലകളിലെ 31 മണ്ഡലങ്ങളിലായി പൂർത്തിയാക്കിയ 62 റോഡുകളുടെ ഉദ്ഘാടനം ഓൺലൈനായി നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.അഭൂതപൂർവ്വമായ വികസനപ്രവർത്തനങ്ങൾക്കാണ് മത്സ്യബന്ധന മേഖല സാക്ഷ്യം വഹിച്ചത്. തീരദേശ റോഡുകളുടെ നവീകരണ പദ്ധതിയിൽ ഒന്നാം പിണറായി വിജയൻ സർക്കാർ 783 കോടി രൂപ അടങ്കലിൽ 1792 റോഡുകൾ നിർമിക്കാൻ ഭരണാനുമതി നൽകി. ഇതിൽ 1551 റോഡുകൾ പൂർത്തീകരിച്ച് നാടിന് സമർപ്പിച്ചു. ഈ സർക്കാരിന്റെ കാലയളവിൽ 162.75 കോടി രൂപ ചെലവിൽ 307 റോഡുകൾക്കാണ് അനുമതി ലഭിച്ചത്. ഇതിൽ 100 എണ്ണം പൂർത്തിയാവുകയും 104 എണ്ണം നിർമാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ഇതിലുൾപ്പെട്ട 62 റോഡുകളാണ് ഏപ്രിൽ 20 ന് ഉദ്ഘാടനം ചെയ്യുന്നതെന്ന് മന്ത്രി ചൂണ്ടിക്കാട്ടി.

തീരദേശ മേഖലയിൽ ഒട്ടേറെ മറ്റു വികസന പ്രവർത്തനങ്ങളും നടക്കുകയാണ്. കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ട, 50 മീറ്റർ ചുറ്റളവിൽ താമസിക്കുന്നവർക്ക് പുനരധിവാസത്തിനായി 2450 കോടി രൂപ ചെലവിലുള്ള പുനർഗേഹം പദ്ധതി നടന്നുകൊണ്ടിരിക്കുകയാണ്.

ഭവനനിർമാണ പദ്ധതിയിൽ 15558 പേർക്ക് ആനുകൂല്യം അനുവദിച്ച് നൽകി. ഭൂമിയുള്ള, എന്നാൽ വീടില്ലാത്ത 5985 പേർക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്തും 3650 പേർക്ക് ഈ സർക്കാരിന്റെ കാലയളവിലും ലൈഫ് പദ്ധതിയിൽ വീട് നിർമിച്ചു നൽകി. ഈ വർഷത്തെ ബജറ്റിൽ മത്സ്യത്തൊഴിലാളി മേഖലക്കായി 394.33 കോടി രൂപ നീക്കിവെച്ചത് ഗണ്യമായ വർധനയാണെന്ന് മന്ത്രി പറഞ്ഞു.

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ശാക്തീകരണത്തിന് 10 പേർ വീതമുള്ള ഗ്രൂപ്പിന് 1.56 കോടി രൂപ വിലവരുന്ന 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന്റെ ഉദ്ഘാടനം മെയ് നാലിന ് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുമെന്ന് മന്ത്രി സജി ചെറിയാൻ അറിയിച്ചു.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ എഫ്.ആർ.പി യാനത്തിലേക്ക് മാറ്റാൻ 320 എഫ്.ആർ.പി മത്സ്യബന്ധന യൂണിറ്റുകൾ വിതരണം ചെയ്തു കഴിഞ്ഞു. നടപ്പു വർഷം 100 യൂണിറ്റുകൾ കൂടി വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് എന്നിവ മൂലം തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 180 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻ വാങ്ങാൻ 30,000 രൂപ വീതവും വല വാങ്ങാൻ 10000 രൂപ വീതവും നൽകി.

മണ്ണെണ്ണയുടെ ലഭ്യതക്കുറവും വില വർധനയും കണക്കിലെടുത്ത് കൂടുതൽ സുലഭവും ആദായകരമായ പെട്രോൾ/ഡീസൽ/എൽ.പി.ജി എന്നിവയിലേക്ക് എഞ്ചിൻ മാറ്റാൻ 10 കോടി രൂപയുടെ സഹായം നടപ്പാക്കുമെന്നും മന്ത്രി അറിയിച്ചു.

2758 മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷുറൻസ് സുരക്ഷ ലഭ്യമാക്കി. പ്രീമിയം തുകയുടെ 90 ശതമാനവും സർക്കാർ ധനസഹായമാണ്. മത്സ്യത്തൊഴിലാളികൾക്കുള്ള അപകട ഇൻഷുറൻസ് തുക 10 ലക്ഷമായി വർധിപ്പിച്ചു.

മത്സ്യ തൊഴിലാളികളുടെ മക്കൾക്കായുള്ള സൗജന്യ മെഡിക്കൽ, സിവിൽ സർവീസ്, ബാങ്ക് പരീക്ഷാ പരിശീലന പദ്ധതിയായ വിദ്യാദീപം പ്രയോജനപ്പെടുത്തി കേരളത്തിലെ തീരദേശത്ത് നിന്ന് 75 ഡോക്ടർമാർ ഉണ്ടായ കാര്യം അഭിമാനത്തോടെയാണ് സംസ്ഥാന സർക്കാർ കാണുന്നതെന്നും സജി പറഞ്ഞു.

## വേനൽ ചൂട് വർധിക്കുന്നു; ശ്രദ്ധിക്കുക

വേനൽ ചൂട് വർധിച്ചു വരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. എൽ.അനിതകുമാരി അറിയിച്ചു. സൂര്യാഘാതവുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങൾ യഥാസമയം കണ്ടെത്തി ചികിത്സ ഉറപ്പാക്കണം. രാവിലെ 11 മുതൽ വൈകിട്ട് 3 വരെ നേരിട്ട് കൂടുതൽ സമയം സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കുക. പ്രായമായവർ, ചെറിയകുട്ടികൾ, ഗർഭിണികൾ, ഗുരുതര രോഗം ഉള്ളവർ, വെയിലത്ത് ജോലിചെയ്യുന്നവർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കണമെന്നും ഡി.എം.ഒ അറിയിച്ചു.

### സൂര്യാഘാത ലക്ഷണങ്ങൾ

വളരെ ഉയർന്ന ശരീരതാപം, വറ്റിവരണ്ട ചുവന്നു ചൂടായ ശരീരം, ശക്തമായ തലവേദന, തലകറക്കം, മന്ദഗതിയിലുള്ള നാഡിമിടിപ്പ്, ഓക്കാനം, ചെറിയ തലകറക്കം, സാധാരണയിലധികമായി വിയർക്കുക.

### സൂര്യാതപം

സൂര്യാഘാതത്തെക്കാൾ കുറച്ചുകൂടി കാഠിന്യം കുറഞ്ഞ അവസ്ഥയാണ് സൂര്യാതപം. കൂടുതൽ സമയം വെയിലത്ത് ജോലിചെയ്യുന്നവരിൽ നേരിയ വെയിൽ ഏൽക്കുന്ന ശരീര ഭാഗങ്ങൾ ചുവന്നു തടിക്കുകയും വേദനയും പൊള്ളലും ഉണ്ടാവുകയും ചെയ്യാം. ഇങ്ങനെയുള്ളവർ ഉടൻ ചികിത്സ തേടേണ്ടതാണ്. പൊള്ളലേൽക്കുന്ന ഭാഗത്തുണ്ടാകുന്ന കുമിളകൾ പൊട്ടിക്കുവാൻ പാടുള്ളതല്ല.

### സൂര്യാതപം ലക്ഷണങ്ങൾ

ക്ഷീണം, തലകറക്കം, തലവേദന, ഓക്കാനവും ഛർദിയും, അസാധാരണമായ വിയർപ്പ്, കഠിനമായ ദാഹം, മൂത്രത്തിന്റെ അളവ് തീരെ കുറഞ്ഞ് കടും മഞ്ഞ നിറം ആവുക, ബോധക്ഷയം എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ

### പ്രതിരോധ മാർഗങ്ങൾ

വേനൽക്കാലത്തു ദാഹം തോന്നിയില്ലെങ്കിൽ പോലും ധാരാളം വെള്ളം കുടിയ്ക്കുക.

ധാരാളം വിയർക്കുന്നവർ ഉപ്പിട്ട കഞ്ഞിവെള്ളം, മോര്, നാരങ്ങാവെള്ളം എന്നിവ ധാരാളമായി കുടിക്കുക.

വെള്ളം, ധാരാളം അടങ്ങിയിട്ടുള്ള പഴങ്ങളൂം, പച്ചക്കറി സാലഡുകളും ഭക്ഷണത്തിൽ കൂടുതലായി ഉൾപ്പെടുത്തുക. ശരീരം മൂടുന്ന അയഞ്ഞ കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക.

കുട്ടികളെ വെയിലത്ത് കളിക്കാൻ അനുവദിക്കരുത്. കാറ്റ് കടന്നു ചൂട് പുറത്തു പോകത്തക്ക രീതിയിൽ വീടിന്റെ വാതിലുകളൂം ജനാലകളും തുറന്നിടുക. വെയിലത്ത് പാർക്ക് ചെയ്യുന്ന കാറിലും മറ്റും, കുട്ടികളെ ഇരുത്തിയിട്ട് പോകരുത്. യാത്ര ചെയ്യുന്നവർ വെള്ളം കയ്യിൽ കരുതുക. വെള്ളം കുറച്ചു കുടിക്കുന്നവർ, വെയിലത്തും തുറസായ സ്ഥലങ്ങളിലും പണിയെടുക്കുന്നവർ, മദ്യപാനികൾ എന്നിവരും അപകട സാധ്യത കൂടിയവരിൽപ്പെടുന്നു. അസ്വസ്ഥതകൾ അനുഭവപ്പെട്ടാൽ വിശ്രമിക്കുകയും വൈദ്യസഹായം തേടുകയും ചെയ്യുക. ഔദ്യോഗിക മുന്നറിയിപ്പുകൾ ശ്രദ്ധിക്കുക.

## വെണ്ണിക്കുളം എം. വി. ജി. എം ഗവൺമെന്റ് പോളിടെക്നിക് കോളജ് പുതിയ അക്കാഡമിക് ബ്ലോക്ക് ഉദ്ഘാടനം ഏപ്രിൽ 25ന്

**വെണ്ണിക്കുളം:** എം.വി.ജി.എം ഗവൺമെന്റ് പോളിടെക്നിക് കോളജിന്റെ പുതിയ അക്കാഡമിക് ബ്ലോക്ക് ഉദ്ഘാടനം ഏപ്രിൽ 25ന് ഉച്ചകഴിഞ്ഞ് രണ്ടിന് ഉന്നത വിദ്യാഭ്യാസ സാമൂഹിക നീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു നിർവഹിക്കും. കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പ് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലാണ് കോളജ് പ്രവർത്തിക്കുന്നത്.

അഡ്വ. മാത്യു ടി തോമസ് എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എംപി മുഖ്യാതിഥിയാകും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഓമല്ലൂർ ശങ്കരൻ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സീനിയർ ജോയിന്റ് ഡയറക്ടർ പി. ബീന, ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രവർത്തകർ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

1984ൽ സ്ഥാപിതമായ മഹാകവി വെണ്ണിക്കുളം ഗോപാലക്കുറുപ്പ് മെമ്മോറിയൽ സർക്കാർ പോളിടെക്നിക് കോളജ് പത്തനംതിട്ട ജില്ലയുടെ വികസന കുതിപ്പിൽ പ്രധാന പങ്ക് വഹിച്ചിട്ടുള്ള ഒരു സ്ഥാപനമാണ്. ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, സിവിൽ എഞ്ചിനീയറിംഗ്, കംപ്യൂട്ടർ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് എന്നീ നാല് വിഭാഗങ്ങളിലായി കേരളത്തിലെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയ്ക്ക് മികച്ച സംഭാവനകളാണ് കോളേജ് നൽകി വരുന്നത്. കേരള സർക്കാരിന്റെ കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് പുതിയ അക്കാദമിക് ബ്ലോക്ക് നിർമിച്ചിരിക്കുന്നത്.

## കെട്ടിടം ആവശ്യമുണ്ട്

**കോട്ടയം:** നീണ്ടൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ 15002000 ചതുരശ്ര അടി വിസ്തൃതിയുള്ളതും വാഹനങ്ങൾ എത്തിച്ചേരാൻ സൗകര്യമുള്ളതും അടച്ചുറപ്പുള്ളതുമായ കെട്ടിടം എം.സി.എഫ് ആയി ഉപയോഗിക്കുന്നതിന് ആവശ്യമുണ്ട്. കെട്ടിടം വാടകയ്ക്ക് നൽകുവാൻ താല്പര്യമുള്ളവർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ബന്ധപ്പെടണം.




# വിനോദസഞ്ചാര കേന്ദ്രം അടച്ചുപൂട്ടി വനം വകുപ്പ് കാറ്റാടിക്കടവും പൂട്ടി

**വണ്ണപ്പുറം:** മീനുളിയാൻ പാറയ്ക്കു പിന്നാലെ കാറ്റാടിക്കടവ് വിനോദസഞ്ചാര കേന്ദ്രവും അടച്ചു പൂട്ടി വനം വകുപ്പ്. നൂറുകണക്കിന് സഞ്ചാരികൾ ദിനം പ്രതി എത്തിയിരുന്ന കാറ്റാടിക്കടവിൽ യാതൊരു മുന്നറിയിപ്പും നൽകാതെയാണ് വനം വകുപ്പിന്റെ ധിക്കാരനടപടിയെന്നാണ് നാട്ടുകാരുടെ ആക്ഷേപം.

വണ്ണപ്പുറം, ചേലച്ചുവട് റോഡിൽ നിന്ന് ഒരു കിലോമീറ്റർ ഉള്ളിലാണ് കാറ്റാടിക്കടവ്. ഇവിടം കോട്ടപ്പാറ മലയുടെ ഏറ്റവും മുകൾ ഭാഗമാണ്. ഇവിടെ നിന്നാൽ എറണാകുളം നഗരം ഉൾപ്പെടെയുള്ള വിദൂര കാഴ്ചകൾ കാണാം. നല്ല തണുത്ത കാറ്റിനൊപ്പം പുൽമേടും ചോലമരങ്ങളും ഇവിടെയുണ്ട്. എന്നാൽ വൈകുന്നേരങ്ങളിൽ ഉണ്ടാകുന്ന അപ്രതീക്ഷിതമായ ഇടിമിന്നൽ സൂക്ഷിക്കണം എന്നു മാത്രം. കാറ്റാടിക്കടവിനോടു ചേർന്ന് അൻപതിൽപരം കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഈ ജനവാസ മേഖലയിലാണ് വനം വകുപ്പ് പ്രവേശനം തടഞ്ഞ് ബോർഡ് സ്ഥാപിച്ചത്. അനധികൃതമായി പ്രവേശിച്ചാൽ 25,000 രൂപയും 3 വർഷം തടവുമാണ് ശിക്ഷ എന്ന് ബോർഡിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

വണ്ണപ്പുറം പഞ്ചായത്തിൽ മനോഹരമായ 5 വിനോദസഞ്ചാര കേന്ദ്രങ്ങളാണുള്ളത്. കോട്ടപ്പാറ, മീനുളിയാൻപാറ, കാറ്റാടിക്കടവ്, നാക്കയം, ആനചാടിക്കുത്ത് എന്നിവയാണവ. ഇതു കൂടാതെ കാളചാടിക്കുത്ത്, പണ്ടാരക്കുത്ത് തുടങ്ങിയ വിനോദ സഞ്ചാര കേന്ദ്രങ്ങളും ഉണ്ട്. ഇവിടെ എത്തുന്ന സഞ്ചാരികൾ വണ്ണപ്പുറത്തിന്റെ വികസനത്തിനും വരുമാന വർധനയ്ക്കും വ്യാപാര മേഖലയ്ക്കും നൽകുന്ന സംഭാവനകൾ ചെറുതല്ല. എന്നാൽ വനം വകുപ്പ് ഇവയെല്ലാം ഒന്നൊന്നായി അടച്ചു പൂട്ടുകയും പ്രവേശന വിലക്ക് ഏർപ്പെടുത്തുകയുമാണ്.

ഇതു തുടർന്നാൽ സഞ്ചാരികൾ വണ്ണപ്പുറത്തെ പൂർണമായും കയ്യൊഴിയുമെന്ന് നാട്ടുകാർ ചൂണ്ടിക്കാട്ടി. വിനോദസഞ്ചാര കേന്ദ്രങ്ങൾ വനം വകുപ്പിന്റെ കീഴിൽ നിന്നു മാറ്റി പഞ്ചായത്തിനെയോ ഡിടിപിസിയെയോ ഏൽപ്പിക്കണമെന്നാണ് നാട്ടുകാർ ആവശ്യപ്പെടുന്നത്. അതേസമയം കലക്ടറുടെ ഉത്തരവിനെ തുടർന്നാണ് നിരോധനം ഏർപ്പെടുത്തിയതെന്ന് കാളിയാർ റേഞ്ച് ഓഫിസർ അശോക് രാജ് പറഞ്ഞു.

## അവകാശം അതിവേഗം ആദ്യം ഉറപ്പാക്കി കോട്ടയം

**കോട്ടയം:** അതിദാരിദ്ര്യ നിർമാർജ്ജനം ലക്ഷ്യമാക്കി അവശ്യ രേഖകളുടെ വിതരണത്തിനായി ആരംഭിച്ച അവകാശം അതിവേഗം പദ്ധതി കോട്ടയം ജില്ലയിൽ പൂർത്തിയായി. സംസ്ഥാനത്ത് പദ്ധതി പൂർത്തിയാക്കിയ ആദ്യ ജില്ലയാണ് കോട്ടയം.

അവകാശം അതിവേഗം പദ്ധതിയുടെ ഭാഗമായി തുണ എന്ന പേരിൽ ജില്ലാ ഭരണകൂടം ആവിഷ്കരിച്ച പദ്ധതിയിലൂടെ ആധാർ കാർഡ്, റേഷൻ കാർഡ്, സാമൂഹിക സുരക്ഷാ പെൻഷൻ, അവകാശ രേഖകൾ, തൊഴിലുറപ്പ് കാർഡ്, വോട്ടർ ഐ.ഡി., ഭിന്നശേഷിക്കാർക്കുള്ള തിരിച്ചറിയൽ രേഖ മുതലായവ വിതരണം ചെയ്തു. തദ്ദേശ സ്വയംഭരണം, റവന്യൂ, സിവിൽ സപ്ലൈസ്, എൻ.ആർ.ഇ.ജി.എസ് മിഷൻ തുടങ്ങി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചാണ് പദ്ധതി പൂർത്തീകരിച്ചത്.

11 ബ്ലോക്കുകളിലും ആറു നഗരസഭകളിലും പ്രത്യേകം ക്യാമ്പുകൾ സംഘടിപ്പിച്ചും കിടപ്പ് രോഗികളുടെ വീടുകളിൽ നേരിട്ട് എത്തിയും വിവിധ വകുപ്പുകളുടെ സഹകരണത്തോടെയുമാണ് തുണ പദ്ധതി പൂർത്തീകരിച്ചത്. 150 റേഷൻ കാർഡ്, 105 ആധാർ കാർഡ്, 66 തിരഞ്ഞെടുപ്പ് തിരിച്ചറിയൽ രേഖ, 100 ക്ഷേമ പെൻഷൻ ഇവ കൂടാതെ കുടുംബശ്രീ അംഗത്വം, ബാങ്ക് അക്കൗണ്ട്, ഭിന്നശേഷി ഐ.ഡി കാർഡ്, തൊഴിലുറപ്പ് തൊഴിലാളികൾക്ക് തൊഴിൽ കാർഡ് എന്നിവ നൽകി. അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയ ആദ്യം പൂർത്തീകരിച്ചതിന് സ്വതന്ത്ര സംഘടനയായ സ്കോച്ച് ഗ്രൂപ്പ് നൽകുന്ന ദേശീയ പുരസ്കാരം ജില്ലയ്ക്ക് ലഭിച്ചിരുന്നു.

സേവനപദ്ധതികളിൽ ഉൾപ്പെടുത്തി അതിദരിദ്രർക്കായി പാകം ചെയ്ത ഭക്ഷണ വിതരണം, പാലിയേറ്റീവ് കെയർ സേവനങ്ങൾ തുടങ്ങിയവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ജില്ലയിൽ നടപ്പാക്കുന്നുണ്ട്. സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി.എൻ വാസവന്റെ നേതൃത്വത്തിൽ ജില്ലാ കളക്ടർ ഡോ.പി.കെ ജയശ്രീ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി ബിന്ദു, ദാരിദ്ര ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ പി.എസ് ഷിനോ എന്നിവരാണ് പ്രവർത്തനങ്ങളുടെ ഏകോപനം നിർവഹിക്കുന്നത്.

# കൂത്താട്ട് ചാൽ നശിക്കുന്നു

**പെരുവല്ലൂർ:** സംരക്ഷണമില്ലാതെ കൂത്താട്ട് ചാൽ നശിക്കുന്നു. പരപ്പുഴയുടെ ഭാഗമായ കൂത്താട്ട് ചാൽ ഒറ്റപ്പെട്ടതുമൂലം ഇപ്പോൾ ചാലിലേക്ക് വെള്ളം എത്തുന്നില്ല. ഇതു മൂലം പ്രദേശത്ത് ശുദ്ധജല ക്ഷാമം രൂക്ഷമായി. നെല്ല് അടക്കമുള്ള കൃഷിയും അവതാളത്തിലായി. കൂത്താട്ട് ചാലിൽ ജല നിയന്ത്രണത്തിനായി 60 വർഷം മുൻപ് നിർമിച്ച ചീർപ്പ് ഉപയോഗശൂന്യമായി. 85 അടി നീളത്തിൽ 7 സ്പാനുകളോടുകൂടിയതാണിത്. നാലടി വീതിയിൽ നടപ്പാലവുമുണ്ട്. ചീർപ്പ് പ്രവർത്തന രഹിതമായതിനാൽ ഷട്ടർ അടയ്ക്കാനുള്ള പലകകളെല്ലാം നഷ്ടപ്പെട്ടു. പെരുവല്ലൂർ, പുല്ലൂർ, പേനകം പടിഞ്ഞാറെ താഴം, പറപ്പാടം, എന്നീ പടവുകൾ നെൽക്കൃഷിക്ക് ജലസേചനത്തിന് ഉപയോ



ഗിച്ചിരുന്നതാണിത്. മുല്ലശേരി കനാൽ നിർമാണം പൂർത്തിയായതോടെയാണ് കൂത്താട്ട് ചാലിന്റെ അവസ്ഥ പരിതാപകരമായത്. കെഎൽഡിസി കനാൽ പെരുവല്ലൂർ പരപ്പുഴയുമായി ബന്ധപ്പെടുത്തി ഒരു കിലോമീറ്റർ വളഞ്ഞ് കൂത്താട്ട് ചാലിനെ ഒഴിവാക്കി തെക്കോട്ട് പേനകം വഴിയാണ് നിർമിച്ചത്.

ഇതോടെ കൂത്താട്ട് ചാൽ മറ്റു ചാലുകളുമായുള്ള ബന്ധം വേർപ്പെട്ട നിലയിലായി. ചാലിന്റെ വടക്കേ അറ്റവും തെക്കേഅറ്റവും കെഎൽഡിസി ബണ്ട് വന്നതോടെ അടഞ്ഞു. കൂത്താട്ട് ചാലിലേക്ക് വെള്ളം വരാതായതോടെ കർഷകർ പ്രതിഷേധിച്ചു. ഇതേ തുടർന്ന് ചാലിന്റെ വടക്കേ അറ്റത്ത് കെഎൽഡിസി ചെറിയൊരു സ്ലൂസ് നിർമിച്ചു. എന്നാൽ ഇത് സ്ഥിരമായി അടച്ചിടുന്നതിനാൽ പ്രയോജനം ഇല്ലാത്ത സ്ഥിതിയാണ്.

ചാലിന്റെ രണ്ടറ്റവും തുറന്ന് കെഎൽഡിസി കനാലുമായി ബന്ധപ്പെടുത്തി കൂത്താട്ട് ചാലിനെ ജലസമൃദ്ധിയിലാക്കുക, ആധുനിക ഷട്ടർ സ്ഥാപിച്ച് ചീർപ്പിന്റെ പ്രവർത്തനം പുനരാരംഭിക്കുക, ചാൽ ആഴം കൂട്ടലും ബണ്ട് ബലപ്പെടുത്തലും പൂർത്തീകരിക്കുക, നാലടിയിലുള്ള നടപ്പാലം വീതി കൂട്ടി കാർഷിക ആവശ്യത്തിന് വാഹനങ്ങൾ കൊണ്ടുപോകുന്ന വിധത്തിലാക്കുക എന്നതാണ് നാട്ടുകാരുടെയും കർഷകരുടെയും ആവശ്യം. ചാലിൽ ജലമെത്തിയാൽ കിണറുകളെല്ലാം പ്രദേശത്തെ രൂക്ഷമായ ജലക്ഷാമം പരിഹരിക്കപ്പെടുകയും ചെയ്യും.

# കാഞ്ഞിരപ്പുഴയിൽ 10% പോലും വെള്ളമില്ല

**കാഞ്ഞിരപ്പുഴ:** ഡാമിൽ ജലസംഭരണം ക്രമാതീതമായി കുറഞ്ഞതു ശുദ്ധജല വിതരണത്തെയും കൃഷിയെയും പ്രതികൂലമായി ബാധിച്ചേക്കും. കടുത്ത വേനൽ എത്തിയപ്പോഴേക്കു ജലനിരപ്പ് കുറഞ്ഞതു പദ്ധതി നിർവഹണത്തിലെ പാളിച്ചകളാണെന്ന ആരോപണം ശക്തമാണ്. ഡാമിൽ 70.82 ദശലക്ഷം ക്യുബിക് മീറ്റർ സംഭരണ ശേഷിയുണ്ടെങ്കിലും നിലവിൽ ഇതിന്റെ 10 ശതമാനത്തിൽ താഴെ മാത്രമാണുള്ളത്. ഡാമിന്റെ അടിത്തട്ടു വരെ കാണാനാകും. കാഞ്ഞിരപ്പുഴ, തച്ചമ്പാറ, കാരാകുറുശ്ശി പഞ്ചായത്തുകളിലേക്കുള്ള ശുദ്ധജല വിതരണത്തിനുള്ള വെള്ളം ഒരാഴ്ചകൊണ്ടു തീർന്നേക്കും. മൂന്നു പഞ്ചായത്തുകളിലായി പതിനായിരക്കണക്കിനു ഗുണഭോക്താക്കൾ ശുദ്ധജല വിതരണ പദ്ധതിയെ ആശ്രയിക്കുന്നുണ്ട്. കടുത്ത വേനലിൽ ശുദ്ധജലം കിട്ടാത്ത അവസ്ഥയുണ്ടാകുമോ എന്നാണ് ആശങ്ക.

മണ്ണാർക്കാട്, ഒറ്റപ്പാലം ചെർപ്പുളശ്ശേരിയക്കെമുള്ള കാർഷിക മേഖലയിലേക്കു കൊടുക്കാനുള്ള വെള്ളവുമില്ല. അനിയന്ത്രിതമായി കനാലുകളിലൂടെ വെള്ളം തുറന്നു വിട്ടതാണു ജലനിരപ്പു കുറയാൻ കാരണമെന്നു നാട്ടുകാർ ആരോപിക്കുന്നു.മണ്ണാർക്കാട് താലൂക്കിലെ കാഞ്ഞിരപ്പുഴ, തെങ്കര, മണ്ണാർക്കാട് നഗരസഭ, കാരാകുർശ്ശി, തച്ചമ്പാറ, കരിമ്പ പഞ്ചായത്തുകളും ഒറ്റപ്പാലം താലൂക്കിലുൾപ്പെടുന്ന കടമ്പഴിപ്പുറം, ശ്രീകൃഷ്ണപുരം, വെള്ളിനേഴി, പൂക്കോട്ടുകാവ്, തൃക്കടീരി, അനങ്ങനടി, ഒറ്റപ്പാലം നഗരസഭ, വാണിയംകുളം, ചളവറ, നെല്ലായ പഞ്ചായത്തുകളും പാലക്കാട് താലൂക്കിലെ കോങ്ങാട്, കേരളശ്ശേരി, മണ്ണൂർ പഞ്ചായത്തുകളും പട്ടാമ്പി താലൂക്കിലെ വല്ലപ്പുഴ പഞ്ചായത്തും ഈ പദ്ധതിയുടെ പരിധിയിലാണ്. ഇനി മഴ പെയ്തു വെള്ളം കൂടിയാൽ മാത്രമേ കനാൽ വഴി ഈ പ്രദേശങ്ങളിലേക്കു വെള്ളം കൊടുക്കാനാകൂ.

# എസ്എസ്എൽസി പരീക്ഷാഫലം മെയ് 20നും പ്ലസ് ടു ഫലം മെയ് 25നും :മന്ത്രി വി ശിവൻകുട്ടി



**കൊച്ചി:** എസ് എസ് എൽ സി പരീക്ഷാഫലം മെയ് 20നകവും പ്ലസ് ടു പരീക്ഷാ ഫലം മെയ് 25നകവും പ്രഖ്യാപിക്കുമെന്ന് പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടി. എറണാകുളത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. മധ്യവേനൽ അവധി കഴിഞ്ഞ് സ്കൂൾ തുറക്കാനുള്ള മുന്നൊരുക്കങ്ങൾ ഇപ്പോൾ തന്നെ ആരംഭിച്ചതായി മന്ത്രി വ്യക്തമാക്കി.എസ്എസ്എൽസി യുടെയും സിബിഎസ്ഇ പത്താം ക്ലാസിന്റെയും റിസൾട്ട് വരുന്നതിനനുസരിച്ച് പ്ലസ് വൺ അഡ്മിഷൻ നടപടികൾ ആരംഭിക്കും. ഹയർ സെക്കൻഡറി ബാച്ച് പുനക്രമിക്കുന്ന കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ച് സർക്കാർ ഇക്കാര്യത്തിൽ തീരുമാനമെടുക്കും. സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ നിലനിർത്തുന്നതിനായി കണ്ടിജൻസി അസിസ്റ്റൻസ് ഫോർ സസ്റ്റനൻസ് ഓഫ് സ്കൂൾ ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതി മുഖേന പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്കൂളുകളിൽ പിടിഎയുടെ സഹായത്തോടെ ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനും കിണറുകളും ടാങ്കുകളും ശുദ്ധീകരിക്കുന്നതിനും ഉള്ള നടപടികൾ മെയ് 30ന് മുൻപ് പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കും.സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് ഗ്രീൻ ക്യാമ്പസ് ക്ലീൻ ക്യാമ്പസ് പദ്ധതി നടപ്പാക്കും.സ്കൂളുകളിലെ പച്ചക്കറിത്തോട്ടം സ്കൂൾ അവധിക്കാലത്ത് നശിച്ചു പോകാതെ സംരക്ഷിക്കുന്നതിന് സ്കൂളിന് സമീപമുള്ള വിദ്യാർത്ഥികളുടെയും പ്രാദേശിക കർഷക സമൂഹത്തിന്റെയും സ്കൂളുകളിലെ വിവിധ ക്ലബ്ബുകളുടെയും അധ്യാപകരുടെയും രക്ഷകർത്താക്കളുടെയും സഹകരണത്തോടെ സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റിയുടെ നേതൃത്വത്തിൽ പരിപാലിക്കുന്നതിനുള്ള നിർദ്ദേശം നൽകി.ജൂൺ ഒന്നിന് തന്നെ പ്രവേശനോത്സവം നടത്തും. മുഖ്യമന്ത്രി പിണറായി വിജയൻ പ്രവേശനോത്സവത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം നിർവഹിക്കും. വരുന്ന അധ്യയന വർഷം വിതരണം നടത്തേണ്ട ഒന്നാം വാല്യം പാഠപുസ്തകങ്ങളുടെ എണ്ണം 2,82,47,520 ആണ്. ഇതിൽ 1,74,60,775 പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയാക്കി വിതരണം പുരോഗമിക്കുന്നു.കൈത്തറി യൂണിഫോം വിതരണവും പുരോഗമിക്കുന്നു. 41.5 ലക്ഷം മീറ്റർ തുണിയാണ് വിതരണം ചെയ്യുന്നത്. കുട്ടികൾക്ക് നൽകുന്ന അഞ്ചു കിലോഗ്രാം അരിയുടെ വിതരണം പൂർത്തിയായി. എല്ലാ ജില്ലകളിലും ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട സ്കൂൾ പിടിഎ പ്രസിഡണ്ട്മാരുടെ യോഗം പൊതു വിദ്യാഭ്യാസ മന്ത്രിയുടെ നേതൃത്വത്തിൽ മെയ് അഞ്ചു മുതൽ 15 വരെ ജില്ലാതലത്തിൽ വിളിച്ചുകൂട്ടുന്ന നടപടി ആരംഭിച്ചു.സ്കൂളുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രൂപീകരിച്ച സമിതികളുടെ പ്രവർത്തനം കൂടുതൽ സജീവമാക്കും. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളോട് അനുബന്ധിച്ച് അധ്യാപക രക്ഷാകർതൃ സമിതികളുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന അംഗീകൃത പ്രീ പ്രൈമറി സ്കൂളുകളിലെ അധ്യാപകർക്കും ആയമാർക്കും മാർച്ച് മാസം വരെയുള്ള ഓണറേറിയം വിതരണം ചെയ്തു.കുട്ടികളെ വിദ്യാലയങ്ങളിലേക്ക് ക്ഷണിക്കുന്നതിന് പരമാവധി അധ്യാപകർ കുട്ടികളുടെ വീടുകൾ സന്ദർശിക്കും. അവധിക്കാല രക്ഷകർതൃ സംഗമം ഓരോ സ്കൂളുകളിലും സംഘടിപ്പിക്കണമെന്നും മന്ത്രി നിർദേശിച്ചു.

# നാവിക സേനയുടെ നേതൃത്വത്തിൽ കേരള,മാഹി തീരത്ത് തീരസുരക്ഷാ അഭ്യാസം



**കൊച്ചി:** കടൽ മാർഗ്ഗമുള്ള ശത്രുക്കളുടെ വെല്ലുവിളി നേരിട്ട് തീര സുരക്ഷ വർധിപ്പിക്കുന്നതിന്റെ ഭാഗമായി നാവിക സേന ദക്ഷിണ മേഖല കമാൻഡിന്റെ നേതൃത്വത്തിൽ കേരള,മാഹി തീരത്ത് 'സാഗർ കവാച്ച്' എന്നപേരിൽ തീരസുരക്ഷ അഭ്യാസം നടത്തി.രണ്ടു ദിവസം നീണ്ടു നിന്ന അഭ്യസത്തിൽ ഇന്ത്യൻ കോസ്റ്റ് ഗാർഡ്, തീരദേശ പോലീസ്, കസ്റ്റംസ്, ഫിഷറീസ്, ചെറുകിട തുറമുഖങ്ങൾ, ഇന്റലിജൻസ് ഏജൻസികൾ,കൊച്ചി തുറമുഖം, മത്സ്യബന്ധന, തീരദേശ സമൂഹങ്ങൾ ഉൾപ്പെടെയുള്ളവർ പങ്കാളികളായി.കടലിൽ നിന്ന് ഉയരുന്ന ഭീഷണികൾ വിലയിരുത്തുന്നതിനും തീരദേശ സുരക്ഷാ സംവിധാനത്തിന്റെ കാര്യക്ഷമത ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ടായിരുന്നു അഭ്യാസം.തീരദേശ സുരക്ഷാ ഏജൻസികളുടെ തയ്യാറെടുപ്പ് നില വിലയിരുത്തുന്നതിന് തത്സമയ ഭീഷണികളും അപകട സാധ്യതകളും അഭ്യാസത്തിന്റെ ഭാഗമായി നടത്തി.വിപുലമായ സുരക്ഷാ നടപടികൾ ഏർപ്പെടുത്തി തീരപ്രദേശം മുഴുവൻ കർശന നിരീക്ഷണത്തിനു വിധേയമാക്കുകയും ചെയ്തു. ഇന്ത്യൻ നാവികസേനയുടെയും ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെയും മറ്റ് സമുദ്ര സുരക്ഷാ ഏജൻസികളുടെയും കപ്പലുകൾ, വിമാനങ്ങൾ തുടങ്ങിയവയും അഭ്യാസത്തിൽ പങ്കെടുത്തു.

# പഠനത്തോടൊപ്പം ജോലിയുമായി കർമ്മചാരി പദ്ധതി;ആദ്യം നടപ്പിലാക്കുന്നത് കൊച്ചിയിൽ

**കൊച്ചി:** വിദ്യാർഥികൾക്ക് പഠനത്തോടൊപ്പം പാർട്ടൈം ജോലി ലഭ്യമാക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ച കർമ്മചാരി പദ്ധതി ആദ്യം നടപ്പിലാക്കുന്നത് കൊച്ചി നഗരത്തിൽ. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതു വിദ്യാഭ്യാസവും തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി വി.ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ ഹയർസെക്കൻഡറി, കോളജ്, ഇൻഡസ്ട്രിയൽ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, തൊഴിലുടമ പ്രതിനിധികൾ തുടങ്ങിയവരുമായി യോഗം ചേർന്നു. പഠനത്തെ ബാധിക്കാത്ത രീതിയിൽ പരമാവധി എത്ര സമയം ജോലി ചെയ്യണം, രാത്രിയിൽ വിദ്യാർത്ഥികളെ ജോലി ചെയ്യിക്കുന്നതിൽ വിദ്യാഭ്യാസ സ്ഥാപന അധികൃതരുടെ നിലപാട്, രക്ഷകർത്താക്കളുടെ അനുമതി, ഓരോ വിദ്യാഭ്യാസ സ്ഥാപനവും എത്ര വിദ്യാർത്ഥികളെ പദ്ധതിയിൽ ഉൾപ്പെടുത്തും, ഹോളിഡേ ഡ്യൂട്ടി അനുവദിക്കൽ, പദ്ധതി മേൽനോട്ടത്തിനായി സ്ഥാപനങ്ങളിൽ നോഡൽ ഓഫീസർമാരെ നിയമിക്കൽ, വിദ്യാർത്ഥികളുടെ വേതനം, ഓരോ സ്ഥാപനത്തിനും എത്ര പേർക്ക് ജോലി നൽകാൻ കഴിയും, ജോലിയുടെ സ്വഭാവം, പാർട്ട്ടൈം ജോലി ചെയ്യുന്നവർക്ക് ഇ.എസ്.ഐ അനുവദിക്കൽ, ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിക്കൽ തുടങ്ങിയ കാര്യങ്ങളാണ് ചർച്ചയായത്.കർമ്മചാരി പദ്ധതി സംസ്ഥാനത്ത് ആദ്യം ആരംഭിക്കാൻ കഴിയുന്നത് സ്വകാര്യ മേഖലയുമായി സഹകരിച്ചാകുമെന്നും കൊച്ചിയിലാണ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതെന്നും മന്ത്രി പറഞ്ഞു. സ്റ്റാർ ഹോട്ടൽ, സൂപ്പർ മാർക്കറ്റുകൾ, മാളുകൾ, ഫുഡ് ഔട്ട് ലേയേഴ്സ്, ടെക്സ്റ്റയിൽസ്, റിസോർട്ടുകൾ എന്നിവിടങ്ങളിലാണ് ആദ്യഘട്ടമായി പാർട്ട്ടൈം ജോലി നൽകുന്നതിന് ലക്ഷ്യമിടുന്നത്. ഐ.ടി അധിഷ്ഠിത ജോലികളും പരിഗണിക്കും.

## അഭിമുഖം മാറ്റിവെച്ചു

**കൊച്ചി:** എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസിൽ ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ്2 തസ്തികയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഏപ്രിൽ 22 ശനിയാഴ്ച നടത്തുന്നവാൻ നിശ്ചയിച്ചിരിക്കുന്ന അഭിമുഖം സാങ്കേതിക കാരണങ്ങളാൽ മാറ്റിവെച്ചു . ഏപ്രിൽ 28ന് രാവിലെ 10 ന് അഭിമുഖം നടത്താൻ തീരുമാനിച്ചതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.ഫോൺ :04842360802

## അപേക്ഷ ക്ഷണിച്ചു

കൊച്ചി: എറണാകുളം ജില്ലയിലെ ഒരു അർദ്ധ കേന്ദ്രസർക്കാർ സ്ഥാപനത്തിൽ പട്ടിക ജാതി (എസ്.സി) വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ ട്രാക്ടർ ഡ്രൈവറുടെ ഒരു ഒഴിവു നിലവിലു്. നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം 29/04/2023 മുൻപ് അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യേതാണ്.പത്താം ക്ലാസ് യോഗ്യതയും, സാധുവായ ട്രാക്ടർ ഡ്രൈവിംഗ് ലൈസൻസ്, നിശ്ചിത മേഖലയിൽ 3 വർഷത്തെ പ്രവൃത്തി പരിചയം, മോട്ടോർ മെക്കാനിസത്തിൽ അറിവ് ഉായിരിക്കണം. പ്രായപരിധി 1830 (അനുവദനീയമായ വയസിളവ് ടഇ35), പ്രതിമാസ ശമ്പളം 27462 രൂപ.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി/ കേരള ഓട്ടോമൊബൈൽ വർക്ക് ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി എന്നിവയിൽ സജീവ അംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണ കിറ്റ് നൽകുന്നതിന് കേരള മോട്ടോർ ക്ഷേമനിധി ബോർഡ് അപേക്ഷ ക്ഷണിച്ചു.
സർക്കാർ / സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഒന്നു മുതൽ ഏഴ് വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കാണ് അനുകൂല്യം ലഭിക്കുക. അപേക്ഷ ഫോറവും വിശദവിവരങ്ങളും ജില്ലാ ഓഫീസിൽ നിന്നും ംംം.സാേംളയ.ീൃഴ എന്ന കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.അപേക്ഷ ഏപ്രിൽ 30ന് വരെ എറണാകുളം ജില്ലാ ഓഫീസിൽ നേരിട്ടും ലസാ.സാേംളയ@സല്യമഹമ.ഴീ.ശി എന്ന ഇ മെയിൽ ഐ.ഡി വഴിയും സമർപ്പിക്കാവുന്നതാണ്.ഫോൺ :04842401632

## അങ്കണവാടി വർക്കർ, ഹെൽപ്പർ തസ്തിക: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** നോർത്ത് പറവൂർ ഐ.സി.ഡി.എസ് പ്രോജക്ടിന്റെ പരിധിയിലുള്ള ചിറ്റാറ്റുകര പഞ്ചായത്തിൽ അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും നിലവിലുള്ളതും ഭാവിയിൽ ഉാവുന്ന ഒഴിവുകളിലേക്കും നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ പഞ്ചായത്തിലെ സ്ഥിരം താമസക്കാരാവണം.പ്രായം 2023 ജനുവരി ഒന്നിൽ 18 വയസ്സ് പൂർത്തിയാകേതും, 46 വയസ്സ് കവിയാൻ പാടില്ലാത്തതുമാണ്. അപേക്ഷകൾ മെയ് 10ന് വൈകിട്ട് അഞ്ചിനു മുൻപായി നോർത്ത് പറവൂർ ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസിൽ സ്വീകരിക്കുന്നതാണ്. അപേക്ഷയുടെ മാതൃക നോർത്ത് പറവൂർ ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസ് ,ചിറ്റാറ്റുകര പഞ്ചായത്ത് എന്നിവിടങ്ങളിൽ ലഭ്യമാണ്.ഫോൺ : 04842448803

# രണ്ടാമത്തെ ഭവനപദ്ധതി നിർമാണം പൂർത്തിയാക്കി ലെന്റ് എ ഹാന്റ്



**കൊച്ചി:** തൃശൂർ ഇൻഫോപാർക്കിൽ പ്രവർത്തിക്കുന്ന ബ്രാഡോക്ക് ഇൻഫോടെക്കിലെ ജീവനക്കാരുടെ കൂട്ടായ്മയായ ലെന്റ് എ ഹാന്റിന്റെ രണ്ടാമത്തെ ഭവന പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കി. കൊരട്ടി വാലുങ്ങാമുറിയിലെ വീട്ടുവളപ്പിൽ വെച്ചു നടന്ന ചടങ്ങിൽ ഇൻഫോപാർക്ക് സി.ഇ.ഒ സുശാന്ത് കുറുന്തിൽ കുടുംബത്തിനു താക്കോൽ കൈമാറി. സ്വന്തം കാര്യങ്ങൾക്കൊപ്പം സഹജീവികളുടെ സങ്കടങ്ങൾക്ക് ആശ്വാസം കണ്ടെത്തുന്നതിനുള്ള പരിശ്രമങ്ങൾ മഹത്തരമാണെന്നും ഇത്തരം പ്രവർത്തനങ്ങൾ ടെക്കികൾക്ക് സമൂഹത്തോടുള്ള പ്രതിബദ്ധത എത്രത്തോളമുണ്ടെന്ന് വിളിച്ചറിയിക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു.ലെന്റ് എ ഹാന്റ് പ്രസിഡന്റ് സാജു ചാക്കോ അധ്യക്ഷനായി. ചടങ്ങിൽ സെക്രട്ടറി എൽദോ കെ. ഐസക്, മുൻ പ്രസിഡന്റ് ഫ്രാൻസി ആന്റണി എന്നിവർ സംസാരിച്ചു. ഇൻഫോപാർക്ക് അഡ്മിനിസ്ട്രേഷൻ മാനേജർ റെജി കെ. തോമസ്, അസി. മാനേജർ സജിത്ത് എൻ.ജി എന്നിവർ കുടുംബത്തിന് ഗൃഹോപകരണങ്ങൾ നൽകി. നിശ്ചിത സമയത്തിനുള്ളിൽ യാതൊരുവിധ പരാതികൾക്കും ഇടനൽകാതെ ഭവനത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച കോൺട്രാക്ടർ ജോഷി എം.എഫിനെ പൊന്നാട അണിയിച്ച് ആദരിച്ചു.ഒരു വർഷത്തോളമെടുത്ത ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ലെന്റ് എ ഹാന്റ് അംഗങ്ങളായ അഭിലാഷ് പോൾ, ഡോൺ ജോസ്, റിഷ് പി. സുഭാഷ്, ബാബു ജോൺ, എഡിസൺ മാളിയേക്കൽ, അലക്സ് വി.എസ് എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മറ്റി മേൽനോട്ടം വഹിച്ചു. 2013ൽ പ്രവർത്തനം ആരംഭിച്ച ലെന്റ് എ ഹാന്റ് ചികിത്സ, വിദ്യാഭ്യാസം, സ്വയം തൊഴിൽ, രക്തദാനക്യാമ്പ്, പിന്നോക്ക വിഭാഗങ്ങളുടെ വികസനം തുടങ്ങി ഏകദേശം 35 ലക്ഷം രൂപയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ ഇതുവരെ ചെയ്തിട്ടുണ്ട്.

# ലാപ്ടോപ്പിന് അപേക്ഷ ക്ഷണിച്ചു



**കൊച്ചി:** കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ സജീവ അംഗത്വം ഉള്ള തൊഴിലാളികളുടെ കുട്ടികൾക്ക് സൗജന്യമായി ലാപ്ടോപ്പ് ലഭിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. 202122, 202223 അധ്യയന വർഷങ്ങളിൽ എഞ്ചിനീയറിംഗ്, എം.ബി.ബി.എസ് , ബി.എസ്.സി അഗ്രിക്കൾച്ചർ, വെറ്റിനറി സയൻസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്, എം.സി.എ, എം.ബി.എ, ബി.എസ്.സി നഴ്സിംഗ് , എം.എസ്.സി നഴ്സിംഗ് പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്കാണ് നിബന്ധനകൾക്ക് വിധേയമായി ലാപ്ടോപ്പ് ലഭിക്കുന്നത്. രക്ഷകർത്താകൾ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ സജീവാംഗത്വം ഉള്ളവരും അംശാദായം കുടിശിക ഇല്ലാത്തവരും ആയിരിക്കണം. 202122 അധ്യയന വർഷത്തേയ്ക്ക് 2021 മാർച്ച് 31 വരെയും 202223 അധ്യയന വർഷത്തേയ്ക്ക് 2022 മാർച്ച് 31 വരെയും അംഗത്വമെടുത്ത തൊഴിലാളികൾക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷയോടൊപ്പം ക്ഷേമനിധി കുടിശ്ശിക തീർത്ത തൊഴിലാളി രസീത്, ആധാർകാർഡ്, ലൈസൻസ്, റേഷൻ കാർഡ് എന്നിവയുടെ പകർപ്പുകളും ഹാജരാക്കേണ്ടതാണ്.കുട്ടികൾ പൊതു പ്രവേശന പരീക്ഷയിലൂടെ സർക്കാർ, സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പൂർണ്ണമായും മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ നേടിയവർ ആയിരിക്കണം. കോളേജ് പ്രിൻസിപ്പാളിൽ നിന്നുള്ള സർട്ടിഫിക്കറ്റിൽ ഇക്കാര്യം വ്യക്തമായി സൂചിപ്പിച്ചിരിക്കണം.അലോട്ട്മെന്റ് മെമ്മോ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.ദേശീയ തലത്തിലുള്ള 2021-22, 2022-23 പരീക്ഷയിലൂടെയും മെറിറ്റ് അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ കോഴ്സുകളിൽ അഡ്മിഷൻ നേടിയവർക്കും അപേക്ഷിക്കാം.കുട്ടികൾ 202122, 202223 വർഷങ്ങളിലെ എൻട്രൻസ് റാങ്ക് ലിസ്റ്റിൽ നിന്ന് അഡ്മിഷൻ നേടിയവരായിരിക്കണം.സംവരണ വിഭാഗങ്ങൾക്ക് ക്വാട്ട മെറിറ്റ് അടിസ്ഥാനത്തിൽ യോഗ്യത നേടിയവർക്കും അപേക്ഷിക്കാം.അപേക്ഷയോടൊപ്പം യോഗ്യതാപരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ് കോളേജ് പ്രിൻസിപ്പാളിൽ നിന്നുള്ള സാക്ഷ്യപത്രം എന്നിവയും ഹാജരാകണ്ടതാണ്.അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 30042023 ആണ്.

# കേരള സവാരി ഓൺലൈൻ ഓട്ടോ, ടാക്സി കൊച്ചി, തൃശൂർ നഗരങ്ങളിലേക്കും



**കൊച്ചി:** തൊഴിൽ വകുപ്പിന്റെ കീഴിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയ സർക്കാർ മേഖലയിലെ ആദ്യ ഓൺലൈൻ ഓട്ടോ, ടാക്സി സംവിധാനം കൊച്ചി, തൃശൂർ നഗരങ്ങളിലും ആരംഭിക്കുന്നു. മന്ത്രി വി.ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ എറണാകുളം ഗസ്റ്റ് ഹൗസിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. സംസ്ഥാന സർക്കാർ, പൊലീസ്, ലീഗൽ മെട്രോളജി, ഗതാഗതം, ഐ.ടി, പ്ലാനിംഗ് ബോർഡ് തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ തൊഴിൽ വകുപ്പിന്റെ കീഴിലാണ് നഗരമേഖലയിൽ ആദ്യം നടപ്പിലാക്കുന്നത്. സാങ്കേതിക സംവിധാനങ്ങൾ തയ്യാറാക്കിയിട്ടുള്ളത് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പാലക്കാട് ഐ.ടി.ഐയാണ്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ ചൂഷണത്തിൽ നിന്നും ഓട്ടോ, ടാക്സി തൊഴിലാളികളെ സംരക്ഷിച്ച് മാന്യമായ സ്ഥിര വരുമാനം ഉറപ്പാക്കും. അതോടൊപ്പം തർക്കങ്ങളില്ലാത്തതും സുരക്ഷിതവുമായ യാത്ര എല്ലാവർക്കും ലഭ്യമാക്കണമെന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. പദ്ധതി ആരംഭിക്കുന്നതിന് മുന്നോടിയായി എറണാകുളം, തൃശൂർ ജില്ലകളിലെ ഓട്ടോ, ടാക്സി ഡ്രൈവർമാർക്ക് പരിശീലനം നൽകും. എറണാകുളത്ത് ഈ മാസം 28നും തൃശൂരിൽ മേയ് 9നുമാണ് പരിശീലനം. തുടർന്ന് രജിസ്ട്രേഷൻ നൽകും. പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായ കമ്മിറ്റി രൂപീകരിച്ചു. മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, മോട്ടോർ വെഹിക്കിൾ, ലേബർ, പൊലീസ്, ലീഗൽ മെട്രോളജി, ഗതാഗതം, ഐ.ടി, നാറ്റ്പാക് എന്നിവയിൽ നിന്നുള്ള അംഗങ്ങൾ കമ്മിറ്റി അംഗങ്ങളാണ്. ഫ്ളെക്സിബിൾ ആയിട്ടുള്ള റേറ്റ് സർക്കാർതലത്തിൽ തീരുമാനിക്കും. പദ്ധതിയെക്കുറിച്ച് ആവശ്യമായ പ്രചാരണവും നൽകുമെന്നും മന്ത്രി പറഞ്ഞു. യോഗത്തിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.കെ ദിവാകരൻ, ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, കൊച്ചി റേഞ്ച് ഡിഐജി ഡോ.എ.ശ്രീനിവാസ്, തൃശൂർ ജില്ലാ വികസന കമ്മീഷണർ ശിഖ സുരേന്ദ്രൻ, ആലുവ റൂറൽ എസ്.പി വിവേക് കുമാർ, കൊച്ചി സിറ്റി പോലീസ് ഡെപ്യൂട്ടി കമ്മീഷണർ ടി.ബിജു ഭാസ്ക്കർ, ലേബർ വകുപ്പ് അഡീഷണൽ സെക്രട്ടറി ഡി. ലാൽ, അഡീഷണൽ ലേബർ കമ്മീഷണർമാരായ കെ.ശ്രീലാൽ, രഞ്ജിത് മനോഹർ, കെ.എം സുനിൽ, മറ്റ് വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# അക്ഷയ തൃതീയക്ക് 'സ്റ്റണ്ണിങ് എവരി ഇയർ' ശേഖരവുമായി തനിഷ്ക്



**കൊച്ചി:** അക്ഷയ തൃതീയയുടെ ശുഭ അവസരത്തിൽ, ടാറ്റയിൽ നിന്നുള്ള ഇന്ത്യയിലെ ഏറ്റവും വലിയ ജ്വല്ലറി റീട്ടെയിൽ ബ്രാൻഡായ തനിഷ്ക്, 'സ്റ്റണ്ണിങ് എവരി ഇയർ' എന്ന പേരിൽ സ്വർണ്ണത്തിലും ഡയമണ്ടിലുമുള്ള ആധുനിക കമ്മലുകളുടെ വിപുലമായ ശേഖരം പുറത്തിറക്കി. ഓരോ അഭിരുചിക്കും ശൈലിക്കും വസ്ത്രധാരണത്തിനും അവസരത്തിനും അനുയോജ്യമായ രീതിയിൽ മനോഹരമായി രൂപകൽപ്പന ചെയ്തിരിക്കുന്ന കമ്മലുകളാണ് പുതിയ ശേഖരത്തിലുള്ളതെന്ന് ടൈറ്റൻ കമ്പനി ലിമിറ്റഡ് ജ്വല്ലറി ഡിവിഷൻ സിഇഒ അജോയ് ചൗള പറഞ്ഞു.ഗംഭീരമായ സ്റ്റഡുകൾ, സമകാലിക ഡ്രോപ്പ് കമ്മലുകൾ, ക്ലാസി ക്ലൈമ്പേഴ്സ്, പരമ്പരാഗത ജുംകകൾ എന്നിവയെല്ലാം ഈ ശേഖരത്തിൽ ഉൾപ്പെടുന്നു. 18, 22 കാരറ്റ് സ്വർണ്ണത്തിലുള്ള വിപുലമായ രൂപകല്പനകളും കരകൗശല വൈദഗ്ദ്ധ്യവും ഉൾക്കൊള്ളുന്ന ഈ ശേഖരത്തിലെ ഓരോ ആഭരണവും വളരെ കൃത്യതയോടെയും വിശദാംശങ്ങളിൽ ശ്രദ്ധ പതിപ്പിച്ചും രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്.അക്ഷയ തൃതീയ ആഘോഷങ്ങളുടെ ഭാഗമായി വിസ്മയിപ്പിക്കുന്ന കമ്മൽ ഡിസൈനുകൾക്കൊപ്പം മികച്ച ഓഫറുകളും തനിഷ്ക് നൽകുന്നു. ഏപ്രിൽ 24 വരെ സ്വർണ്ണാഭരണങ്ങളുടെ പണിക്കൂലിയിലും ഡയമണ്ട് ആഭരണങ്ങളുടെ മൂല്യത്തിലും 20 ശതമാനം കിഴിവ് നൽകുന്നു. കൂടാതെ ഏത് ജ്വല്ലറിയിൽ നിന്നും വാങ്ങിയ പഴയ സ്വർണ്ണവും നൂറ് ശതമാനം എക്സ്ചേഞ്ച് മൂല്യത്തോടെ മാറ്റി 'സ്റ്റണ്ണിങ് എവരി ഇയർ' ശേഖരം സ്വന്തമാക്കാനാകും.സ്വർണ്ണ വില അസ്ഥിരമായ സാഹചര്യത്തിൽ സ്വർണം വാങ്ങാൻ ഉപഭോക്താക്കളെ പ്രാപ്തരാക്കുന്നതിന്, ഈ മാസം ഒരു ഗോൾഡ് റേറ്റ് പ്രൊട്ടക്ഷൻ പ്ലാൻ തനിഷ്ക് ആരംഭിച്ചിട്ടുണ്ടെന്നും അജോയ് ചൗള പറഞ്ഞു. മുൻകൂട്ടി ബുക്ക് ചെയ്യാനും സ്വർണവില അസ്ഥിരതയിൽ നിന്ന് അവരെ സ്വയം പരിരക്ഷിക്കാനും ഇത് അനുവദിക്കുന്നു. ഉയർന്ന സ്വർണ്ണ വില വ്യവസ്ഥയിൽ, ഉപഭോക്താക്കളുടെ ബജറ്റ് പരിമിതികൾ പരിഹരിക്കാൻ പഴയ സ്വർണ്ണം മാറ്റിവാങ്ങുന്നതിലും ലൈറ്റ് വെയ്റ്റ് ആഭരണങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുകയാണ്. അതുവഴി ആഭരണങ്ങൾ വാങ്ങുന്നതിന് ഈ ശുഭകരമായ കാലയളവ് പ്രയോജനപ്പെടുത്താൻ ഉപയോക്താക്കളെ പ്രാപ്തരാക്കുന്നു. 22 കാരറ്റ് സ്വർണ്ണത്തിലും ഡയമണ്ടിലുമുള്ള 'സ്റ്റണ്ണിങ് എവരി ഇയർ' ശേഖരം പുറത്തിറക്കുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണ്. അക്ഷയ തൃതീയ ഉത്സവ കാലയളവിലെ റീട്ടെയിൽ വിൽപ്പനയെക്കുറിച്ച് ശുഭാപ്തിവിശ്വാസമുണ്ടെന്നും അദ്ദേഹം പറഞ്ഞു.തിരഞ്ഞെടുത്ത തനിഷ്ക് സ്റ്റോറുകളിലും തനിഷ്കിൻറെ www.tanishq.co.in/stunningeveryear എന്ന ഇകൊമേഴ്സ് വെബ്സൈറ്റിലും 'സ്റ്റണ്ണിങ് എവരി ഇയർ' ശേഖരം ലഭ്യമാണ്

# വിദ്യാർത്ഥികളുടെ കലാ പ്രദർശനം: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള ലളിതകലാ അക്കാദമിയുടെ 51ാമത് സംസ്ഥാന പ്രദർശനത്തോടനുബന്ധിച്ച് അക്കാദമിയുടെ ആലപ്പുഴ ഗാലറിയിൽ കലാഭിരുചിയുള്ള വിദ്യാർത്ഥികളുടെ കലാ പ്രദർശനം സംഘടിപ്പിക്കുന്നു. വിദ്യാർത്ഥികൾക്ക് സമകാലീന കല പരിചയപ്പെടുത്തുകയും കലാവിദ്യാഭ്യാസത്തിലേക്ക് വഴി കാട്ടുകയും ചെയ്യുകയാണ് ഉദ്ദേശം. 5 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മലയാളികളായ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. തെരഞ്ഞെടുക്കുന്ന കലാസൃഷ്ടി അക്കാദമി നിർദേശിക്കുന്ന തരത്തിൽ ഫ്രെയിം ചെയ്ത് പ്രദർശനത്തിന് ഉദ്ദേശിക്കുന്ന തീയതിക്ക് മുൻപ് അക്കാദമിയുടെ ആലപ്പുഴ ആർട്ട് ഗ്യാലറിയിൽ ലഭ്യമാക്കണം. ഇതുമായി ബന്ധപ്പെട്ട ട്രാൻസ്പോർട്ടേഷൻ അടക്കമുള്ള ചെലവ് അക്കാദമി വഹിക്കുന്നതല്ല. കലാസൃഷ്ടിയുടെ തെരഞ്ഞെടുപ്പ് അക്കാദമി നിശ്ചയിക്കുന്ന ജൂറിയിൽ നിക്ഷിപ്തമായിരിക്കും. പ്രദർശനശേഷം 10 ദിവസത്തിനകം കലാസൃഷ്ടി തിരികെ കൈപ്പറ്റേണ്ടതാണ്. തെരഞ്ഞെടുക്കുന്ന കലാസൃഷ്ടിയ്ക്ക് എൻട്രി ഫീ 50/ രൂപ ആയിരിക്കും. യു. പി, ഹൈസ്കൂൾ, ഹയർ സെക്കന്ററി എന്നിങ്ങനെ ഓരോ വിഭാഗത്തിനും മൂന്ന് വീതം സമ്മാനങ്ങൾ നൽകുന്നതാണ്. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 30.4.2023 അണ്. അപേക്ഷ വെബ്സൈറ്റ് വഴി ഓൺലൈൻ ആയി മാത്രമേ സ്വീകരിക്കുള്ളൂ.(www.lalithkala.org)

# ടൈഗൂൺ, വെർടസ് ; പുതിയ വകഭേദങ്ങൾ അവതരിപ്പിച്ച് ഫോക്സ്വാഗൺ

**കൊച്ചി:** മാനുവൽ ട്രാൻസ്മിഷനോടുകൂടിയ 1.5 ലിറ്റർ ടിഎസ്ഐ ഇവിഒ എൻജിൻ ശക്തി പകരുന്ന വെർടസ് ജിടി പ്ലസ് ഫോക്സ്വാഗൺ അവതരിപ്പിച്ചു. ഫോക്സ്വാഗൺ ടൈഗൂൺ ജിടി പ്ലസ് എംടി, ജിടി ഡിഎസ്ജി എന്നീ രണ്ടു പുതിയ വകഭേദങ്ങളും കമ്പനി പുറത്തിറക്കി. ടൈഗൂണിൻറെയും വെർടസിൻറെയും എല്ലാ വിഭാഗത്തിലും പുതിയ ലാവ ബ്ലൂ എക്സ്റ്റീരിയർ ബോഡി കളർ അവതരിപ്പിച്ചു.ഡീപ് ബ്ലാക്ക് പേൾ നിറത്തിൽ വെർടസ് ജിടി പ്ലസ് ഡിഎസ്ജി, ജിടി പ്ലസ് മാനുവൽ എന്നിവയുടെ ജിടി ലിമിറ്റഡ് കളക്ഷൻ എഡീഷനുകളും




പുറത്തിറക്കിയിട്ടുണ്ട്. ടൈഗൂണിൻറെ ജിടി പ്ലസ് ഡിഎസ്ജി, ജിടി പ്ലസ് മാനുവൽ എന്നിവ ഡീപ് ബ്ലാക്ക് പേൾ, കാർബൺ സ്റ്റീൽ മാറ്റ് ഫിനിഷിലും കമ്പനി അവതരിപ്പിച്ചിട്ടുണ്ട്. ജിടി ലിമിറ്റഡ് കളക്ഷൻറെ ഭാഗമായി ടൈഗൂൺ 'സ്പോർട്ട്', 'ട്രെയിൽ' എന്നിവയുടെ പ്രത്യേക പതിപ്പുകളും ലഭ്യമാക്കുമെന്ന് ഫോക്സ്വാഗൺ പാസഞ്ചർ കാർസ് ഇന്ത്യയുടെ ബ്രാൻഡ് ഡയറക്ടർ ആശിഷ് ഗുപ്ത പറഞ്ഞു.കൂടാതെ ടൈഗൂൺ ജിടി പ്ലസ് എംടിയും ടൈഗൂൺ ജിടി പ്ലസ് ഡിഎസ്ജിയും പുതിയ മാറ്റ് ഫിനിഷ് മാറ്റ് കാർബൺ സ്റ്റീൽ ഗ്രേ എക്സ്റ്റീരിയർ ബോഡി കള റിൽ ലഭ്യമാകും. പെർഫോമൻസ് നിരയിൽ സ്പോർടി അപ്പീൽ വർധിപ്പിച്ചുകൊണ്ട് ഫോക്സ്വാഗൺ ഇന്ത്യ ടൈഗൂൺ, വെർടസ് എന്നിവയുടെ ജിടി പ്ലസ് വേരിയൻറുകളിൽ ഡീപ് ബ്ലാക്ക് പേൾ നിറം അവതരിപ്പിച്ചു.കൂടാതെ ടൈഗൂൺ ജിടി പ്ലസ് എംടിയും ടൈഗൂൺ ജിടി പ്ലസ് ഡിഎസ്ജിയും മാറ്റ് ഫിനിഷ് കാർബൺ സ്റ്റീൽ ഗ്രേയിലും ലഭ്യമാണ്. എല്ലാ പുതിയ വേരിയൻറുകളുടെയും ജിടി ലിമിറ്റഡ് കളക്ഷൻറെയും വിപണി അവതരണം 2023 ജൂൺ മുതൽ ആരംഭിക്കും.ടൈഗൂൺ, വെർടസ് എന്നിവയിലൂടെ ഇന്ത്യയിലെ ഏറ്റവും സുരക്ഷിതത്വമുള്ള വാഹന നിരയാണ് ഫോക്സ്വാഗൺ ഇന്ത്യൻ വിപണിയിൽ എത്തിക്കുന്നത്. മുതിർന്നവർക്കും കുട്ടികൾക്കുമുള്ള സംരക്ഷണത്തിൽ 5 സ്റ്റാർ ഗ്ലോബൽ എൻസിഎപി റേറ്റിംഗാണ് ഇരു വാഹനങ്ങളുടേയും വകഭേദങ്ങൾക്കുള്ളത്. വെർടസ് ജിടി പ്ലസ് മാനുവൽ, ടൈഗൂൺ ജിടി പ്ലസ് മാനുവൽ, ടൈഗൂൺ ജിടി ജിഎസ്ജി എന്നിങ്ങനെ മൂന്നു പുതിയ വകഭേദങ്ങളാണ് അവതരിപ്പിക്കുന്നതെന്ന് ഫോക്സ്വാഗൺ പാസഞ്ചർ കാർസ് ഇന്ത്യയുടെ ബ്രാൻഡ് ഡയറക്ടർ ആശിഷ് ഗുപ്ത പറഞ്ഞു.

# സ്വിഗ്ഗി ഡൈ നൗട്ട് ഗ്രേറ്റ് ഇന്ത്യൻ റെസ്റ്റോറന്റ് ഫെസ്റ്റിവൽ ആരംഭിച്ചു

**കൊച്ചി:** സ്വിഗ്ഗി ആപ്ലിക്കേഷനിൽ ഗ്രേറ്റ് ഇന്ത്യൻ റെസ്റ്റോറന്റ് ഫെസ്റ്റിവൽ പ്രഖ്യാപിച്ചു. മേളയുടെ ഏഴാം പതിപ്പിൽ സ്വിഗ്ഗി ഡൈനൗട്ട് ഉപയോക്താക്കൾക്ക് കൊച്ചിയിലെ 30 ലധികം റെസ്റ്റോറന്റുകളിൽ 50 ശതമാനം കിഴിവ് ലഭിക്കും. ഇതിനുപുറമെ, എച്ച്ഡിഎഫ്സി ബാങ്ക് ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ച് 15 ശതമാനം കൂടുതൽ കിഴിവും ലഭിക്കും.കൊച്ചിയിലെ റെസ്റ്റോറന്റുകളായ ലെ അരോമ, ക്രൗൺ പ്ലാസയിലെ ലോഞ്ച് ആൻഡ് ഡെലി, ക്രൗൺ പ്ലാസയിലെ സോക്ക, കൊച്ചി മാരിയറ്റ് ഹോട്ടലിലെ കൊച്ചി കിച്ചൻ, റാഡിസൺ ബ്ലൂവിലെ ജിമ, ഫോർ പോയിന്റ്സ് ബൈ ഷെറട്ടണിലെ ദി ഈറ്ററി, ലാ ഗ്രിറ്റ ബാർബിക്യൂ, തറവാട് മൾട്ടി ക്യൂസിൻ റെസ്റ്റോറന്റ്, നോവോട്ടെലിലെ സ്ക്വയർ, ലെ മാരിടൈമിലെ ദി റോക്ക്സ് റെസ്റ്റോബാർ എന്നിവയുമായി സഹകരിച്ചാണ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്. സ്വിഗ്ഗി ആപ്ലിക്കേഷനിൽ ജിഐആർഎഫ് പരിമിത എക്സ്ക്ലൂസീവ് ഡീലുകളും നൽകും. ഇത് പങ്കെടുക്കുന്ന റെസ്റ്റോറന്റുകളിൽ നിന്ന് റെഡീം ചെയ്യാൻ ഉപഭോക്താക്കൾക്ക് കഴിയുന്നു.പ്രാദേശിക ബിസിനസുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഗ്രേറ്റ് ഇന്ത്യൻ റെസ്റ്റോറന്റ് ഫെസ്റ്റിവൽ സഹായിക്കുമെന്ന് സ്വിഗ്ഗി ഡൈനൗട്ട് സഹസ്ഥാപകനും വൈസ് പ്രസിഡന്റുമായ അങ്കിത് മെഹ്റോത്ര പറഞ്ഞു.

# 'ബ്രാഹ്മിൻസ്'നെ വിപ്രോ ഏറ്റെടുക്കുന്നു



**കൊച്ചി:** വിപ്രോ കൺസ്യൂമർ കെയർ ആൻഡ് ലൈറ്റിംഗ് കേരളത്തിലെ പ്രമുഖ പരമ്പരാഗത വെജിറ്റേറിയൻ, സുഗന്ധവ്യഞ്ജന മിശ്രിത, റെഡി ടു കുക്ക് ബ്രാൻഡായ 'ബ്രാഹ്മിൻസി' നെ ഏറ്റെടുക്കുന്നു. കമ്പനികളുടെ അധികൃതർ വാർത്താസമ്മേളനത്തിൽ ഇക്കാര്യം പ്രഖ്യാപിച്ചു. അടുത്തിടെ 'നിറപറ' ബ്രാൻഡിനെ ഏറ്റെടുത്ത വിപ്രോ കമ്പനി ബ്രാഹ്മിൻസ് കൂടി ഏറ്റെടുക്കുന്നതോടെ പാക്കേജ്ഡ് ഫുഡ്സ് രംഗത്തെ അനിഷേധ്യ സാന്നിധ്യമായി മാറും. തനത് നാടൻ രുചിക്കൂട്ടുകളിൽ ഒരുക്കുന്ന കറി മസാലമിശ്രിതങ്ങളും പരമ്പരാഗത പ്രാതൽ ഉൽപന്നങ്ങളും അച്ചാറുകളുമെല്ലാം കേരളത്തിന്റെ പ്രിയങ്കര ബ്രാൻഡായി ബ്രാഹ്മിൻസിനെ മാറ്റി. സാമ്പാർ പൊടിയും, അരിപ്പൊടിയും ഏറെ പ്രശസ്തവും വിപണിയിലെ മുൻനിര ഉൽപ്പന്നങ്ങളുമാണ്. 1987ൽ സ്ഥാപിതമായ ബ്രാഹ്മിൻസ് വിശ്വാസ്യത മുഖമുദ്രയാക്കിയ സ്ഥാപനമാണ്.ഭക്ഷ്യ വ്യവസായത്തിൽ വിപുലമായ വികസനത്തിന് ലക്ഷ്യമിടുന്ന വേളയിൽ ഏറെ ആവേശം പകരുന്നതാണ് ബ്രാഹ്മിൻസ് ഏറ്റെടുക്കൽ എന്ന് വിപ്രോ കൺസ്യൂമർ കെയർ ഫുഡ്സ് ബിസിനസ് പ്രസിഡന്റ് അനിൽ ചുഗ് പറഞ്ഞു. സുഗന്ധ വ്യഞ്ജന, റെഡി ടു കുക്ക് ഉൽപ്പന്നങ്ങൾക്ക് ഭക്ഷ്യ വ്യവസായത്തിൽ വൻ വളർച്ചാ സാധ്യതയാണുള്ളത്. ബ്രാഹ്മിൻസ് വിപ്രോയുടെ ഭാഗമാകുന്നതോടെ സുഗന്ധ വ്യഞ്ജന മിശ്രിതങ്ങളുടെയും പുട്ട് അപ്പം പൊടിയും മറ്റ് അരിയുൽപ്പന്നങ്ങളും ഉൾപ്പെട്ട പരമ്പരാഗത പ്രാതൽ ഉൽപ്പന്നങ്ങളുടെ വിഭാഗത്തിൽ മികച്ച നില കൈവരിക്കാൻ കമ്പനിക്ക് കഴിയും. കേരളത്തിലെയും ഗൾഫ്, യു കെ, അമേരിക്ക, ഓസ്ട്രേലിയ എന്നിവിടങ്ങളിലേയുമൊക്കെ വിപണികളിൽ ഇത് വിപ്രോയ്ക്ക് വലിയ മേൽക്കൈ നൽകുമെന്നും അനിൽ ചുഗ് പറഞ്ഞു.വിപ്രോ കൺസ്യൂമർ കെയറിന്റെ ഭക്ഷ്യ ബിസിനസിൽ പങ്കാളിത്തം ലഭിക്കുന്നതിൽ അത്യാഹ്ളാദം ഉണ്ടെന്ന് ബ്രാഹ്മിൻസ് എം ഡി ശ്രീനാഥ് വിഷ്ണു പറഞ്ഞു. ബ്രാൻഡ് ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് ഉതകുന്ന വിഭവ സമാഹരണത്തിനു ഇത് വഴിയൊരുക്കും. ബ്രാൻഡിന്റെ സർവ്വതല വികസനത്തിൽ കൂട്ടായി ശ്രദ്ധ കേന്ദ്രീകരിക്കും. വിപ്രോയുടെ വിതരണ ശൃംഖലയുടെ കരുത്തും വിപണി വൈദഗ്ധ്യവും ബ്രാഹ്മിൻസിനെ വളർച്ചയുടെ പുതു തലങ്ങളിലേക്ക് എത്തിക്കുമെന്നും ശ്രീനാഥ് വിഷ്ണു പറഞ്ഞു.കമ്പനിയുടെ വിപണിനയങ്ങൾക്ക് തികച്ചും യോജിച്ചതാണ് ബ്രാഹ്മിൻസ് ഏറ്റെടുക്കലെന്നും ഇത് കേരളത്തിലെ ഭക്ഷ്യ ബിസിനസ് രംഗത്ത് കൂടുതൽ കരുത്ത് പകരുമെന്നും ഇന്ത്യ, ദക്ഷിണേഷ്യ വിപ്രോ കൺസ്യൂമർ കെയർ ആൻഡ് ലൈറ്റിംഗ് സി എഫ് ഒ സച്ചിൻ ബൻസാൽ ചൂണ്ടിക്കാട്ടി. സമർത്ഥവും കാര്യക്ഷമവുമായ പ്രവർത്തനത്തിന് കരുത്തുറ്റ സംവിധാനങ്ങൾ ബ്രാഹ്മിൻസിനുണ്ട്. ഇത് വിപ്രോയ്ക്ക് വിപണിയിൽ വലിയ മുതൽക്കൂട്ടാകും. വിപ്രോ ഏറ്റെടുക്കുന്ന പതിനാലാമത്തെ ബ്രാൻഡാണ് ബ്രാഹ്മിൻസ്. മ്യൂച്ചൽ ബെനഫിഷ്യൽ പാർട്ട്ണർഷിപ്പ് നിലയ്ക്ക് ബ്രാഹ്മിൻസിന്റെ വികസനത്തിനും ഭക്ഷ്യ ബിസിനസിൽ വിപ്രോയുടെ അടിത്തറ ശക്തിപ്പെടുത്തുന്നതിനും സംയുക്തസംരംഭം അവസരമൊരുക്കുമെന്നും സച്ചിൻ ബൻസാൽ പറഞ്ഞു.

# 'സുലൈഖ മൻസിൽ' ഇന്ന് തിയേറ്ററിലേക്ക്




**കൊച്ചി:** റിലീസ് ചെയ്ത രണ്ടു ഗാനങ്ങളും സോഷ്യൽ മീഡിയയിൽ തരംഗമായതിനു പിന്നാലെ സുലൈഖ മൻസിലിന്റെ ഒഫീഷ്യൽ ടീസർ റിലീസായി. ഒരു മലബാർ മുസ്ലിം കല്യാണത്തിന്റെ കഥ പറയുന്ന ചിത്രത്തിന്റെ രചനയും സംവിധാനവും . അഷ്റഫ് ഹംസ നിർവഹിക്കുന്നു. ചെമ്പൻ വിനോദിന്റെ ചെമ്പോസ്കി മോഷൻ പിക്ചേഴ്സാണ് ചിത്രത്തിന്റെ നിർമ്മാണം.സെഞ്ചുറി ഫിലിംസ് ആണ് ചിത്രം കേരളത്തിൽ വിതരണം നിർവഹിക്കുന്നത്.ലുക്ക്മാൻ അവറാൻ, ചെമ്പൻ വിനോദ് ജോസ്, അനാർക്കലി മരക്കാർ എന്നിവർ കേന്ദ്രകഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന ചിത്രത്തിൽ ഗണപതി, ശബരീഷ് വർമ്മ, മാമുക്കോയ, ജോളി ചിറയത്ത്, അമൽഡ ലിസ്, ദീപ തോമസ്, അദ്രി ജോ, അർച്ചന പദ്മിനി, നിർമ്മൽ പാലാഴി തുടങ്ങിയവർ മറ്റു പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.ചെമ്പോസ്കി മോഷൻ പിക്ചേഴ്സിന്റെ ബാന്നറിൽ ചെമ്പൻ വിനോദ് ജോസ്, സുബീഷ് കണ്ണഞ്ചേരി, സമീർ കാരാട്ട് എന്നിവരാണ് ചിത്രത്തിന്റെ നിർമ്മാതാക്കൾ. സുലൈഖാ മൻസിലിന്റെ അണിയറപ്രവർത്തകർ ഇവരാണ്. ഡി.ഓ.പി : കണ്ണൻ പട്ടേരി, എഡിറ്റർ : നൗഫൽ അബ്ദുള്ള, സംഗീത സംവിധാനം: വിഷ്ണു വിജയ്, പ്രൊഡക്ഷൻ ഡിസൈൻ : അനീഷ് നാടോടി, ചീഫ് അസ്സോസിയേറ്റ് ഡയറക്ടേഴ്സ് : ശബരീഷ് വർമ്മ, ജിനു തോമ, വസ്ത്രാലങ്കാരം: ഗഫൂർ മുഹമ്മദ്, മേക്ക്അപ്പ് : ആർ.ജി. വയനാടൻ, കൊറിയോഗ്രാഫി: ജിഷ്ണു, സൗണ്ട് ഡിസൈൻ : അരുൺ വർമ്മ, സൗണ്ട് മിക്സിങ്: ഡാൻ ജോസ്, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ: ശ്രീജിത്ത് ബാലൻ, പ്രൊഡക്ഷൻ കൺട്രോളർ: ഡേവിസൺ സി ജെ, അസ്സോസിയേറ്റ് ഡയറക്ടേഴ്സ്: ഷിന്റോ വടക്കേക്കര, സഹീർ റംല, കളറിസ്റ്റ് : ലിജു പ്രഭാകർ, ഡിസൈൻ: സ്പെൽബൗണ്ട് സ്റ്റുഡിയോസ്, പി ആർ ഓ: പ്രതീഷ് ശേഖർ.

# സഹകരണ എക്സ്പോയ്ക്ക് 22 ന് കൊച്ചിയിൽ തുടക്കം




**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ മൂന്നാം നൂറു ദിന പരിപാടിയിൽ ഉൾപ്പെടുത്തി 2023 ഏപ്രിൽ മാസം 22 മുതൽ 30 വരെ 9 ദിവസങ്ങളിലായി സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എറണാകുളം മറൈൻ ഡ്രൈവിൽ സഹകരണ എക്സ്പോ 2023 സംഘടിപ്പിക്കുമെന്ന് സഹകരണ, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി.എൻ.വാസവൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. 22 ന് വൈകിട്ട് അഞ്ചിന് എറണാകുളം മറൈൻ ഡ്രൈവ് ഗ്രൗണ്ടിൽ മുഖ്യമന്ത്രി പിണറായി വിജയൻ എക്സ്പോയുടെ ഉദ്ഘാടനം നിർവ്വഹിക്കും. മന്ത്രി വി.എൻ. വാസവൻ അധ്യക്ഷത വഹിക്കും. മന്ത്രി പി.രാജീവ് എക്സ്പോ സ്റ്റാളുകളുടെ ഉദ്ഘാടനം നിർവഹിക്കും. മന്ത്രി റോഷി അഗസ്റ്റിൻ, പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ എന്നിവർ മുഖ്യപ്രഭാഷണം നടത്തും. സഹകരണ മേഖല കൈവരിച്ച നേട്ടങ്ങളും ഉയർത്തിപ്പിടിക്കുന്ന ബദൽ മാതൃകയും ഉൽപ്പാദന രംഗത്തെ ശ്രദ്ധേയമായ ചുവടുവയ്പുകളും പൊതു സമൂഹത്തിനു മുന്നിൽ കൊണ്ടു വരിക എന്ന ലക്ഷ്യത്തോടെയാണ് സഹകരണ എക്സ്പോയുടെ രണ്ടാമത് എഡിഷൻ സംഘടിപ്പിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. സഹകരണ പ്രാഥമിക സംഘം സഹകരണ രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സംഘങ്ങൾ, അപ്പെക്സ് സ്ഥാപനങ്ങൾ, ബോർഡുകൾ, പ്രമുഖ ഹോസ്പിറ്റൽ സംഘങ്ങൾ, ഉത്പാദക സഹകരണ സംഘങ്ങൾ, ഫങ്ഷണൽ രജിസ്ട്രാർമാരുടെ ഭരണ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ ദേശീയ അന്തർദേശീയ തലത്തിൽ പ്രാധാന്യമുള്ള സഹകരണ സ്ഥാപനങ്ങൾ എന്നിവയും എക്സ്പോയിൽ പങ്കെടുക്കുന്നുണ്ട്.ഏകദേശം ഒരു ലക്ഷം സ്ക്വയർ ഫീറ്റിൽ 300 ലധികം എയർകണ്ടീഷൻ സ്റ്റാളുകൾ എക്സ്പോയിലുണ്ടാകും. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള സഹകരണ കേരളാ സ്ഥാപനങ്ങൾ പ്രദർശനത്തിൽ പങ്കെടുക്കും. കേരളാ ബാങ്ക്, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി, കൺസ്യൂമർഫെഡ്, കേരഫെഡ്, മിൽമ, റബ്കോ, ഹാൻടെക്സ് എൻ.എം.പി.സി തുടങ്ങിയ കേരളത്തിലെ പ്രമുഖ സ്ഥാപനങ്ങൾ പങ്കെടുക്കും.കേരളത്തിലെ പ്രഥമിക സഹകരണ സംഘങ്ങളിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന സംഘങ്ങളുടെ സഹകരണ സ്റ്റാളുകൾ ക്രമീകരിച്ചിട്ടുണ്ട്. സഹകരണ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ഭൗമസൂചികയിൽ ഇടം നേടിയ ഉൽപ്പന്നങ്ങളായ പൊക്കാളി അരി, മറയൂർ ശർക്കര, ബാലരാമപുരം സാരി, കാസർഗോഡ് സാരികൾ, ചേന്ദമംഗലം ധോത്തിസ്,കുത്താംമ്പള്ളി സാരി, മലബാർ പെപ്പർ, മലബാർ റോസ്റ്റ് കോഫി, വയനാട് കോഫി, കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങൾ നേരിട്ട് ഉൽപ്പാദിപ്പിക്കുന്ന വിവിധയിനം വെളിച്ചെണ്ണ, കാപ്പി, തേയില ഉൽപ്പന്നങ്ങൾ, വിവിധയിനം ഭക്ഷ്യ ഉൽപ്പന്നങ്ങൾ, അച്ചാറുകൾ, കറി പൗഡറുകൾ വിവിധയിനം അരി, അതിന്റെ മൂല്യവർധിത ഉൽപ്പന്നങ്ങൾ എന്നിവയുടെ പ്രദർശനവും വിപണനവും നടക്കും.കൈത്തറി മേഖലയിൽ നിന്നുള്ള തുണിത്തരങ്ങളുടെ സ്റ്റാളുകൾ മേളയിലുണ്ടാകും. കേരളത്തിലെ വനിതാ സഹകരണ സംഘങ്ങൾ നിർമ്മിക്കുന്ന വിവിധ ഉൽപ്പന്നങ്ങൾ, പട്ടികജാതിപട്ടികവർഗ സംഘങ്ങൾ സംഭരിച്ച് വിപണനം നടത്തുന്ന വനവിഭവങ്ങൾ, ബാഗുകൾ, ലെതർ ഉൽപ്പന്നങ്ങൾ തുടങ്ങിയവയും മേളയിൽ ഉണ്ടാകും. സഹകരണ സംഘങ്ങൾ ടൂറിസം മേഖലയിൽ നടത്തുന്ന ഇടപെടലുകൾ, കേരള സർക്കാർ പ്രത്യേകം താൽപര്യം എടുത്ത് രൂപീകരിച്ച യുവജന സംഘങ്ങളുടെ പ്രവർത്തനം എന്നിവയും എക്സ്പോയിലുണ്ടാകും. വിദ്യാഭ്യാസ സ്ഥാപനങ്ങളും സഹകരണ ആശുപത്രികളും എക്സ്പോയിൽ പങ്കെടുക്കും. സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രം, വികാസ പരിണാമങ്ങൾ എന്നിവയും വകുപ്പ് ഏറ്റെടുത്ത് നടത്തി വരുന്ന വിവിധ ജനകീയ പദ്ധതികൾ തുടങ്ങിയവയും ഉൾപ്പെടുത്തിയ പ്രത്യേക പവിലിയൻ ഉണ്ട്. ഇന്ത്യയിലെ സഹകരണ മാതൃകകൾ പരിചയപ്പെടുത്തുന്ന സ്റ്റാളുകളും എക്സ്പോയിൽ സജ്ജീകരിക്കും.അടുത്ത 10 15 വർഷത്തേക്ക് സഹകരണ മേഖലയുടെ പ്രവർത്തനവും കാഴ്ചപ്പാടുകളും രൂപീകരിക്കുന്നതിന് ഉതകുന്ന തരത്തിൽ സഹകരണ മേഖലയുടെ വിഷൻ രൂപകൽപ്പന ചെയ്യുന്ന വിവിധ വിഷയങ്ങളിൽ സെമിനാർ സംഘടിപ്പിക്കും. പൊതു ജനങ്ങൾക്കായി ദിവസവും മെഗാ കൾച്ചറൽ പ്രോഗ്രാമുകളും അരങ്ങേറും. വൈവിധ്യമാർന്ന രുചി വിഭവങ്ങളുടെ ഫുഡ് കോർട്ടുകൾ സജ്ജമാക്കും. ഇന്ത്യൻ കോഫി ഹൗസ്, സാഫ്, വനിതാ സഹകരണ സംഘങ്ങൾ, യുവജന സഹകരണ സംഘങ്ങൾ, കുടുംബശ്രീ, മിൽമ തുടങ്ങിയവയാണ് ഫുഡ്കോർട്ട് ഒരുക്കുന്നത്.സഹകരണ സംഘങ്ങൾ ഉത്പാദിപ്പിച്ച 10 പുതിയ ഉൽപ്പന്നങ്ങളുടെ ലോഞ്ചിംഗ് എക്സ്പോയിൽ പ്രത്യേകമായി സജ്ജീകരിച്ച വേദിയിൽ നിർവ്വഹിക്കും.സാഹിത്യ പ്രവർത്തക പുസ്തക സംഘം പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ പ്രകാശനം വിവിധ ദിവസങ്ങളിലായി നടക്കും.ബിസിനസ് മീറ്റ്,സാംസ്കാരിക സമ്മേളനം എന്നിവയും ഉണ്ടാകും.എക്സ്പോ 2023 റിപ്പോർട്ടിംഗിന് മികച്ച അച്ചടി മാധ്യമം, അച്ചടി മാധ്യമ റിപ്പോർട്ടർ, ഫോട്ടോഗ്രാഫർ, മികച്ച ദൃശ്യമാധ്യമം, ദൃശ്യമാധ്യമ റിപ്പോർട്ടർ, ക്യാമറാ പേഴ്സൺ, മികച്ച ഓൺലൈൻ, മികച്ച എഫ് എം എന്നിവയ്ക്ക് മാധ്യമ അവാർഡും ഏർപ്പെടുത്തിയിട്ടുണ്ട്.

### ടെക്നോപാർക്ക് പ്രീമിയർ ലീഗ്

## എച്ച് ആൻഡ് ആർ ബ്ലോക്ക് ബ്ലൂവും യു.എസ്.ടി ജി.സി.സിയും ചാംപ്യൻമാർ





**തിരുവനന്തപുരം:** ടെക്നോപാർക്ക് പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിലെ ആവേശകരമായ മത്സരത്തിൽ അലിയൻസ് വൈറ്റ്സ്നെ തോൽപ്പിച്ച് എച്ച് ആൻഡ് ആർ ബ്ലോക്ക് ചാംപ്യൻമാരായി. മെൻസ് ടൂർണമെന്റിൽ 15 ടീമുകളും വിമൻസ് ടൂർണമെന്റിൽ 20 ടീമുകളുമുൾപ്പടെ 172 ടീമുകൾ മത്സരിച്ച ടൂർണമെന്റ് നാലു മാസം നീണ്ടു നിന്നു. ഫൈനലിൽ എച്ച് ആൻഡ് ആർ ബ്ലോക്ക് ഏഴു റൺസിനാണ് വിജയിച്ചത്.ആദ്യം ബാറ്റ് ചെയ്ത എച്ച് ആൻഡ് ആർ ബ്ലോക്ക് പത്ത് ഓവറിൽ അൻപത് റൺസെടുത്ത് ഓൾ ഔട്ടായി. മറുപടി ബാറ്റിങ്ങിനിറങ്ങിയ അലിയൻസ് വൈറ്റ്സിനെ 7.4 ഓവറിൽ 43 റൺസിന ഓൾഔട്ടാക്കി. ടൂർണമെന്റിലെ വിജയികൾക്കുള്ള സമ്മാനദാനം ടെക്നോപാർക്ക് സി.ഇ.ഒ കേണൽ സഞ്ജീവ് നായർ (റിട്ട) നിർവഹിച്ചു. ജി.ആർ ശിവകുമാർ (എച്ച് ആൻഡ് ആർ ബ്ലോക്ക് ബ്ലൂ) ആണ് പ്ലയർ ഓഫ് ദ ടൂർണമെന്റ്, ഷാനു എസ്. കുമാർ (എച്ച് ആൻഡ് ആർ ബ്ലോക്ക് ബ്ലൂ) ആണ് ബെസ്റ്റ് ബാറ്റർ, ബെസ്റ്റ് ബോളറായി ജിതിൻ ആർ (അലിയൻസ് വൈറ്റ്സ്), പ്ലേയർ ഓഫ് ദ ഫൈനലായി ശ്രീജിത്ത് എസ്.എം (എച്ച് ആൻഡ് ആർ ബ്ലോക്ക് ബ്ലൂ) എന്നിവരെയും തെരഞ്ഞെടുത്തു. വുമൺസ് ക്രിക്കറ്റ് ലീഗ് 2023ന്റെ ഫൈനലിൽ യു.എസ്.ടി ജി.സി.സി ചാംപ്യൻമാരായി. ഇൻഫോസിസിനെയാണ് (ഏഴ് ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ 52 റൺസ്) യു.എസ്.ടി ജി.സി.സി (ഏഴ് ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ 56 റൺസ്) പരാജയപ്പെടുത്തിയത്. ആർ.എസ് സ്മിത (ഇൻഫോസിസ്) ആണ് ബെസ്റ്റ് ബാറ്റർ, അക്ഷത യുറാനെ (യു.എസ്.ടി ജി.സി.സി) ബെസ്റ്റ് ബോളറായും ആര്യ സാരങ്ക് (യു.എസ്.ടി ജി.സി.സി) പ്ലയർ ഓഫ് ദ ഫൈനലായും അമലുമോൾ (ഇൻഫോസിസ്) പ്ലയർ ഓഫ് ദ ടൂർണമെന്റായും തെരഞ്ഞെടുക്കപ്പെട്ടു.

